കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE ARBITRATION ACT, 1940

(10 OF 1940)

# മാദ്ധ്യസ്ഥ്യം ആക്റ്റ്, 1940

(1940-ലെ 10-ാം നമ്പർ ആക്റ്റ്)

വില

ഇന്ത്യാ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1983

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE ARBITRATION ACT, 1940
(10 of 1940)

# മാദ്ധ്യസ്ഥ്യം ആക്റ്റ്; 1940

(1940-ലെ 10-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1983

# മാദ്ധ്യസ്ഥ്യം ആക്ററ്, 1940

(1940-ലെ 10)

## വകുപ്പുകളുടെ വിന്യാസം


വകുപ്പുകൾ

അദ്ധ്യായം I

അവതാരകം

1 ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും

2 നിർവ്വചനങ്ങൾ

അദ്ധ്യായം II

കോടതിയുടെ ഇടപെടൽ കൂടാതെയുള്ള മാദ്ധ്യസ്ഥ്യം

3 മാദ്ധ്യസ്ഥ്യക്കരാറിൽ വ്യംഗ്യമായിരിക്കുന്ന വ്യവസ്ഥകൾ

4 മദ്ധ്യസ്ഥൻമാർ മൂന്നാം കക്ഷിയാൽ നിയമിക്കപ്പെടേണ്ടതാണെന്നുള്ള കരാർ.

5 നിയമിക്കപ്പെട്ട മദ്ധ്യസ്ഥൻമാരുടേയോ, അമ്പയറുടേയോ പ്രാധികാരം കോടതിയുടെ അനുമതിയോടൊഴികെ പിൻവലിക്കാൻ വയ്യാത്തതാണെന്ന്

6 മാദ്ധ്യസ്ഥ്യക്കരാർ അതിലെ കക്ഷിയുടെ മരണത്താൽ റദ്ദാകുന്നതല്ലെന്ന്

7 നിർദ്ധനത്വത്തിൻെറ സംഗതിയിലുള്ള വ്യവസ്ഥകൾ

8 മദ്ധ്യസ്ഥനേയോ അമ്പയറേയോ നിയമിക്കാൻ കോടതിക്കുള്ള അധികാരം

9 പുതിയ മദ്ധ്യസ്ഥനേയോ ചില സംഗതികളിൽ അനന്യമദ്ധ്യസ്ഥനേയോ നിയമിക്കാൻ കക്ഷിക്ക് അധികാരം

10 മൂന്നോ അതിലധികമോ മദ്ധ്യസ്ഥൻമാരെ നിയമിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ

11 ചില പരിതഃസ്ഥിതികളിൽ മദ്ധ്യസ്ഥൻമാരേയോ അമ്പയറേയൊ നീക്കം ചെയ്യാൻ കോടതിക്കുള്ള അധികാരം

12 മദ്ധ്യസ്ഥനെ നീക്കം ചെയ്യുകയോ അയാളുടെ പ്രാധികാരം പിൻവലിക്കുകയോ ചെയ്യുന്നിടത്ത്, കോടതിയുടെ അധികാരം

13 മദ്ധ്യസ്ഥൻെറ അധികാരങ്ങൾ

14 അവാർഡ് ഒപ്പിടുകയും ഫയൽ ചെയ്യുകയും ചെയ്യണമെന്ന്

15 അവാർഡ് രൂപഭേദപ്പെടുത്താൻ കോടതിക്കുള്ള അധികാരം

16 അവാർഡ് തിരിച്ചയക്കാനുള്ള അധികാരം

17 അവാർഡ് അനുസരിച്ച് വിധിന്യായം

18 ഇടക്കാല ഉത്തരവുകൾ പാസ്സാക്കാൻ കോടതിക്കുള്ള അധികാരം

19 അവാർഡ് ശൂന്യമായിത്തീരുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യുമ്പോൾ മാദ്ധ്യസ്ഥ്യം പ്രഭാവരഹിതമാക്കാനുള്ള അധികാരം

അദ്ധ്യായം III

വ്യവഹാരം നിലവിലില്ലാത്തിടത്ത് കോടതിയുടെ ഇടപെടലോടുകൂടിയുള്ള മാദ്ധ്യസ്ഥ്യം

20 മാദ്ധ്യസ്ഥക്കരാർ കോടതിയിൽ ഫയൽ ചെയ്യുന്നതിനുള്ള അപേക്ഷ

അദ്ധ്യായം IV

വ്യവഹാരങ്ങളിലെ മാദ്ധ്യസ്ഥ്യം

21 വ്യവഹാരത്തിലെ കക്ഷികൾക്ക് റഫറൻസിനുള്ള ഉത്തരവിന് അപേക്ഷിക്കാമെന്ന്

22 മദ്ധ്യസ്ഥൻെറ നിയമനം

23 റഫറൻസ് ഉത്തരവ്

24 മാദ്ധ്യസ്ഥ്യത്തിന് കക്ഷികളിൽ ചിലരാലുള്ള റഫറൻസ്

25 ഈ അദ്ധ്യായത്തിൻകീഴിലെ മാദ്ധ്യസ്ഥങ്ങൾക്ക് ബാധകമാകുന്ന വ്യവസ്ഥകൾ

## അദ്ധ്യായം V

## സാമാന്യം

26 അദ്ധ്യായത്തിന്റെ ബാധകത
27 ഇടക്കാല അവാർഡ് നൽകാൻ മദ്ധ്യസ്ഥൻമാർക്കുള്ള അധികാരം
28 അവാർഡ് നൽകുന്നതിനുള്ള സമയം ദീർഘിപ്പിക്കാൻ കോടതിക്ക് മാത്രം അധികാരം
29 അവാർഡുകളിൻമേലുള്ള പലിശ
30 അവാർഡ് ദുർബ്ബലപ്പെടുത്താനുള്ള കാരണങ്ങൾ
31 അധികാരിത
32 മാദ്ധ്യസ്ഥ്യക്കരാറിനേയോ അവാർഡിനേയോ എതിർക്കുന്ന വ്യവഹാരങ്ങൾക്ക് തടസ്സം
33 മാദ്ധ്യസ്ഥ്യക്കരാറോ അവാർഡോ എതിർക്കപ്പെടേണ്ടത് അപേക്ഷ വഴിയെന്ന്
34 മാദ്ധ്യസ്ഥ്യക്കരാർ ഉള്ളിടത്ത്, നിയമനടപടികൾ നിറുത്തിവയ്ക്കാനുള്ള അധികാരം
35 മാദ്ധ്യസ്ഥ്യത്തിൻമേൽ നിയമനടപടികളുടെ പ്രഭാവം
36 മാദ്ധ്യസ്ഥ്യക്കരാർ ഒരു പ്രത്യേക വിവാദത്തിന് ബാധകമല്ലെന്ന് ഉത്തരവ് ചെയ്യപ്പെടുന്നിടത്ത്, വ്യവഹാരനടപടിക്ക് ഒരു അവാർഡ് ഒരു പൂർവ്വോപാധിയാക്കുന്ന വ്യവസ്ഥ, അങ്ങനെയുള്ള വിവാദത്തിന് ബാധകമാകുന്നതല്ലെന്ന് ഉത്തരവ് ചെയ്യാൻ കോടതിക്കുള്ള അധികാരം
37 കാലഹരണങ്ങൾ
38 മദ്ധ്യസ്ഥന്റെ വേതനമോ ചെലവുകളോ സംബന്ധിച്ച തർക്കങ്ങൾ

## അദ്ധ്യായം VI

## അപ്പീലുകൾ

39 അപ്പീൽ കൊടുക്കാവുന്ന ഉത്തരവുകൾ

## അദ്ധ്യായം VII

## പലവക

40 സ്മാൾ കാസ് കോടതിക്ക് അതിന്റെ മുമ്പാകെയുള്ള വ്യവഹാരങ്ങളിലെ മദ്ധ്യസ്ഥ്യങ്ങളൊഴികെയുള്ള മാദ്ധ്യസ്ഥ്യങ്ങളുടെ മേൽ അധികാരിത ഉണ്ടായിരിക്കുന്നതല്ലെന്ന്
41 കോടതിയുടെ നടപടിക്രമവും അധികാരങ്ങളും
42 കക്ഷിയോ മദ്ധ്യസ്ഥനോ നോട്ടീസ് നടത്തുന്നത്
43 മദ്ധ്യസ്ഥന്റെ മുമ്പാകെ ഹാജരാകാൻ പ്രോസസ്സുകൾ പുറപ്പെടുവിക്കാനുള്ള കോടതിയുടെ അധികാരം
44 ചട്ടങ്ങളുണ്ടാക്കാൻ ഹൈക്കോടതിക്കുള്ള അധികാരം
45 ഗവൺമെൻറിനെ ബന്ധിക്കുമെന്ന്
46 അധിനിയമപ്രകാരമുള്ള മാദ്ധ്യസ്ഥ്യങ്ങൾക്ക് ആക്റ്റിന്റെ ബാധകത
47 ആക്റ്റ് മാദ്ധ്യസ്ഥ്യങ്ങൾക്കും ബാധകമാണെന്ന്
48 നിലവിലുള്ള റഫറൻസുകൾക്കുള്ള ഒഴിവാക്കൽ
49 റദ്ദാക്കലുകളും ഭേദഗതികളും
ഒന്നാം പട്ടിക—മാദ്ധ്യസ്ഥ്യക്കരാറുകളിലെ വ്യംഗ്യോപാധികൾ
രണ്ടാം പട്ടിക—[കോടതിയുടെ അധികാരങ്ങൾ]
മൂന്നാം പട്ടിക—[റദ്ദാക്കപ്പെട്ടു]
നാലാം പട്ടിക—[റദ്ദാക്കപ്പെട്ടു]

# മാദ്ധ്യസ്ഥ്യം ആക്റ്റ്, 1940

## (1940-ലെ 10)

മാദ്ധ്യസ്ഥ്യം സംബന്ധിച്ച നിയമം സഞ്ചയിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നതിനുള്ള ആക്റ്റ്

1940 മാർച്ച്, 11.

മാദ്ധ്യസ്ഥ്യം സംബന്ധിച്ച നിയമം സഞ്ചയിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നത് സമീചീനമായിരിക്കുകയാൽ ;

ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു: —

### അദ്ധ്യായം I

### അവതാരകം

**ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും**

1. (1) ഈ ആക്റ്റിന് മാദ്ധ്യസ്ഥ്യം ആക്റ്റ്, 1940 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റൊഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് 1940 ജൂലൈ 1-ാം ദിവസം പ്രാബല്യത്തിൽ വരുന്നതാകുന്നു.

**നിർവ്വചനങ്ങൾ**

2. ഈ ആക്റ്റിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി യാതൊന്നും ഇല്ലാത്തപക്ഷം,—

(ക) "മാദ്ധ്യസ്ഥ്യക്കരാറി"ന്, വർത്തമാനകാലത്തേതോ ഭാവിയിലേതോ ആയ വിവാദങ്ങൾ മാദ്ധ്യസ്ഥ്യത്തിന് സമർപ്പിക്കാനുള്ള ലിഖിതമായ കരാർ, അതിൽ മദ്ധ്യസ്ഥന്റെ പേർ പറയുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, എന്നർത്ഥമാകുന്നതും ;

(ഖ) "അവാർഡി"ന്, മാദ്ധ്യസ്ഥ്യ അവാർഡ് എന്നർത്ഥമാകുന്നതും ;

(ഗ) "കോടതി"ക്ക്, റഫറൻസിന്റെ വിഷയവസ്തു ആയ പ്രശ്നങ്ങൾ, ഒരു വ്യവഹാരത്തിന്റെ വിഷയവസ്തു ആയിട്ടുണ്ടായിരുന്നുവെങ്കിൽ, അവ തീരുമാനിക്കാൻ അധികാരിതയുള്ള സിവിൽ കോടതി എന്നർത്ഥമാകുന്നതും, എന്നാൽ, അതിൽ 21-ാംവകുപ്പിൻകീഴിലെ മാദ്ധ്യസ്ഥ്യ നടപടികളുടെ ആവശ്യത്തിനൊഴികെ, സ്മാൾ കാസ് കോടതി ഉൾപ്പെടുന്നതല്ലാത്തതും ;

(ഘ) "നിയമാനുസൃതപ്രതിനിധി"ക്ക്, മരിച്ചുപോയ ഒരാളുടെ എസ്റ്റേറ്റിനെ, നിയമത്തിൽ പ്രതിനിധാനം ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നതും, അതിൽ മരിച്ചുപോയ ആളുടെ എസ്റ്റേറ്റിൽ കൈയിടുന്ന ഏതെങ്കിലും ആളും, ഒരു കക്ഷി പ്രാതിനിധ്യ സ്വഭാവത്തിൽ പ്രവർത്തിക്കുന്നിടത്ത്, അങ്ങനെ പ്രവർത്തിക്കുന്ന കക്ഷിയുടെ മരണത്തിൻമേൽ എസ്റ്റേറ്റ് സംക്രമിക്കുന്നത് ആരിലേക്കാണോ, ആ ആളും ഉൾപ്പെടുന്നതും ;

(ങ) "റഫറൻസി"ന്, മാദ്ധ്യസ്ഥ്യത്തിനുള്ള റഫറൻസ് എന്നർത്ഥമാകുന്നതും ;

ആണ്.

### അദ്ധ്യായം II

### കോടതിയുടെ ഇടപെടൽ കൂടാതെയുള്ള മാദ്ധ്യസ്ഥ്യം

**മാദ്ധ്യസ്ഥ്യക്കരാറിൽ വ്യംഗ്യമായിരിക്കുന്ന വ്യവസ്ഥകൾ**

3. മാദ്ധ്യസ്ഥ്യക്കരാറിൽ, വ്യത്യസ്തമായ ഉദ്ദേശ്യം പ്രകടമാക്കിയിട്ടില്ലാത്തപക്ഷം, ഒന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ, അവ റഫറൻസിന് ബാധകമാകുന്നിടത്തോളം, മാദ്ധ്യസ്ഥ്യക്കരാറിൽ ഉൾപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

**മദ്ധ്യസ്ഥൻമാർ മൂന്നാം കക്ഷിയാൽ നിയമിക്കപ്പെടേണ്ടതാണെന്നുള്ള കരാർ**

4. ഒരു മാദ്ധ്യസ്ഥ്യക്കരാറിലെ കക്ഷികൾക്ക്, അതിൻകീഴിലെ ഏതെങ്കിലും റഫറൻസ്, കരാറിൽ പേർ പറഞ്ഞോ, തൽസമയം ഏതെങ്കിലും ഉദ്യോഗമോ നിയമനമോ വഹിക്കുന്ന ആളെന്ന നിലയിലോ, വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള ഒരാൾ നിയമിക്കേണ്ട മദ്ധ്യസ്ഥന്നോ മദ്ധ്യസ്ഥൻമാർക്കോ, ആയിരിക്കേണ്ടതാണെന്ന് കരാർ ചെയ്യാവുന്നതാകുന്നു.

**നിയമിക്കപ്പെട്ട മദ്ധ്യസ്ഥൻമാരുടെയോ, അമ്പയറുടെയോ പ്രാധികാരം കോടതിയുടെ അനുമതിയോടൊഴികെ പിൻവലിക്കാൻ വയ്യാത്തതാണെന്ന്**

5. നിയമിതനായ മദ്ധ്യസ്ഥന്റേയോ, അമ്പയറുടേയോ പ്രാധികാരം മാദ്ധ്യസ്ഥ്യക്കരാറിൽ വിപരീതമായ ഉദ്ദേശ്യം പ്രകടമാക്കിയിട്ടില്ലാത്തപക്ഷം, കോടതിയുടെ അനുമതിയോടൊഴികെ പിൻവലിക്കാൻ പാടുള്ളതല്ല.

**മാദ്ധ്യസ്ഥ്യക്കരാർ, അതിലെ കക്ഷിയുടെ മരണത്താൽ റദ്ദാക്കുന്നതല്ലെന്ന്**

6. (1) മാദ്ധ്യസ്ഥ്യക്കരാർ, അതിലെ ഏതെങ്കിലും കക്ഷിയുടെ മരണത്താൽ, മരിച്ചുപോയ കക്ഷിയെ സംബന്ധിച്ചോ, മറേറതെങ്കിലും കക്ഷിയെ സംബന്ധിച്ചോ, റദ്ദാക്കുന്നതല്ലാത്തതും, പ്രത്യുത, അങ്ങനെ സംഭവിക്കുന്നതായാൽ മരിച്ചുപോയ ആളുടെ നിയമാനുസൃത പ്രതിനിധിയാലോ നിയമാനുസൃത പ്രതിനിധിക്കെതിരായോ പ്രാവർത്തികമാക്കാവുന്നതും ആണ്.

(2) മദ്ധ്യസ്ഥന്റെ പ്രാധികാരം, അയാളെ നിയമിച്ച ഏതെങ്കിലും കക്ഷിയുടെ മരണത്താൽ പിൻവലിക്കപ്പെട്ടുപോകുന്നതല്ല.

(3) ഈ വകുപ്പിലെ യാതൊന്നും, ഏത് നിയമത്തിന്റെ ബലത്തിലാണോ നടപടിയെടുക്കാനുള്ള ഏതെങ്കിലും വ്യവഹാരാവകാശം ഒരാളുടെ മരണത്താൽ ഇല്ലാതാകുന്നത്, അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതല്ല.

**നിർദ്ധനത്വത്തിന്റെ സംഗതിയിലുള്ള വ്യവസ്ഥകൾ**

7. (1) ഒരു നിർദ്ധനൻ കക്ഷിയായിട്ടുള്ള ഒരു കാൺട്രാക്ററിലെ ഒരു നിബന്ധന, ആ കാൺട്രാക്ററിൽനിന്നോ അത് സംബന്ധിച്ചോ ഉൽഭവിക്കുന്ന ഏതെങ്കിലും വിവാദങ്ങൾ, മാദ്ധ്യസ്ഥ്യത്തിന് റെഫർ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നിടത്ത്, ആ നിബന്ധന റിസീവർ ആ കാൺട്രാക്ററ് അംഗീകരിക്കുന്നുവെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും വിവാദങ്ങൾ സംബന്ധിക്കുന്നിടത്തോളം, അയാളാലോ, അയാൾക്കെതിരായോ പ്രാവർത്തികമാക്കാവുന്നതാണ്.

(2) നിർദ്ധനനാണെന്ന് വിധിക്കപ്പെട്ടിട്ടുള്ള ഒരാൾ, നിർദ്ധനത്വനടപടികളുടെ പ്രാരംഭത്തിനുമുമ്പ്, ഒരു മാദ്ധ്യസ്ഥ്യക്കരാറിലെ കക്ഷിയായിട്ടുണ്ടായിരുന്നിരിക്കുകയും, ആ കരാർ ബാധകമായിട്ടുള്ള ഏതെങ്കിലും വിഷയം, നിർദ്ധനത്വ നടപടികൾ സംബന്ധിച്ചോ അവയുടെ ആവശ്യങ്ങൾക്കായോ തീരുമാനിക്കപ്പെടേണ്ടതാണെന്ന് ആവശ്യപ്പെട്ടിരിക്കുകയും ചെയ്യുന്നിടത്ത്, സംഗതി, (1)-ാം ഉപവകുപ്പ് ബാധകമാകാത്ത ഒന്നാണെങ്കിൽ, കരാറിലെ മറേറതെങ്കിലും കക്ഷിക്കോ, റിസീവർക്കോ, നിർദ്ധനത്വ നടപടികളിൽ അധികാരിതയുള്ള കോടതിയോട്, പ്രശ്നവിഷയം കരാറനുസരിച്ച് മാദ്ധ്യസ്ഥ്യത്തിന് റഫർ ചെയ്യേണ്ടതാണെന്ന് നിദേശിക്കുന്ന ഉത്തരവിന് അപേക്ഷിക്കാവുന്നതും, ആ സംഗതിയുടെ എല്ലാ പരിതഃസ്ഥിതികളും കണക്കിലെടുത്തുകൊണ്ട്, ആ വിഷയം, മാദ്ധ്യസ്ഥ്യം വഴി തീരുമാനിക്കപ്പെടേണ്ടതാണെന്ന് അഭിപ്രായമുണ്ടെങ്കിൽ, കോടതിക്ക് അതനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാകുന്നു.

(3) ഈ വകുപ്പിൽ "റിസീവർ" എന്ന പദത്തിൽ, അഫിഷ്യൽ അസൈനി ഉൾപ്പെടുന്നു.

**മദ്ധ്യസ്ഥനേയോ അമ്പയറേയോ നിയമിക്കാൻ കോടതിക്കുള്ള അധികാരം**

8. (1) താഴെപറയുന്ന സംഗതികളിൽ ഏതിലും—

(ക) ഒരു റഫറൻസ്, കക്ഷികളുടെ സമ്മതപ്രകാരം നിയമിക്കപ്പെടേണ്ട ഒന്നോ അതിലധികമോ മദ്ധ്യസ്ഥൻമാർക്കായിരിക്കേണ്ടതാണെന്ന് മാദ്ധ്യസ്ഥ്യക്കരാർ വ്യവസ്ഥ ചെയ്യുകയും, വിവാദങ്ങൾ ഉൽഭവിച്ചതിനുശേഷം, കക്ഷികൾ എല്ലാവരും ആ നിയമനത്തിലോ നിയമനങ്ങളിലോ യോജിക്കാതിരിക്കുകയും ചെയ്യുന്നിടത്തോ, അല്ലെങ്കിൽ

(ഖ) നിയമിതനായ ഏതെങ്കിലും മദ്ധ്യസ്ഥനോ അമ്പയറോ പ്രവർത്തിക്കാൻ ഉപേക്ഷവരുത്തുകയോ, വിസമ്മതിക്കുകയോ, അല്ലെങ്കിൽ പ്രവർത്തിക്കാൻ കഴിവില്ലാത്തവനായിരിക്കുകയോ, അല്ലെങ്കിൽ മരിക്കുകയോ ചെയ്യുകയും, ഒഴിവ് നികത്താൻ പാടില്ലെന്ന് ഉദ്ദേശിക്കപ്പെട്ടതാണെന്ന് മാദ്ധ്യസ്ഥ്യക്കരാർ കാണിക്കാതിരിക്കുകയും, അതതുസംഗതിപോലെ, കക്ഷികളോ മദ്ധ്യസ്ഥൻമാരോ ഒഴിവ് നികത്താതിരിക്കുകയും ചെയ്യുന്നുവെങ്കിലോ ; അല്ലെങ്കിൽ

(ഗ) ഒരു അമ്പയറെ നിയമിക്കാൻ കക്ഷികളോടോ മദ്ധ്യസ്ഥൻമാരോടോ ആവശ്യപ്പെട്ടിരിക്കുകയും അവർ അമ്പയറെ നിയമിക്കാതിരിക്കുകയും ചെയ്യുന്നിടത്തോ ;

ഏതെങ്കിലും കക്ഷിക്ക്, നിയമനത്തിലോ, നിയമനങ്ങളിലോ, അല്ലെങ്കിൽ ഒഴിവ് നികത്തുന്നതിലോ യോജിക്കുന്നതിന്, അതത് സംഗതിപോലെ, മററ് കക്ഷികൾക്കോ മദ്ധ്യസ്ഥൻമാർക്കോ ലിഖിതമായ നോട്ടീസ് നടത്താവുന്നതാണ്.

(2) നിയമനം മുൻപറഞ്ഞ നോട്ടീസ് നടത്തിയതിനുശേഷം പതിനഞ്ച് പൂർണ്ണദിവസങ്ങൾക്കുള്ളിൽ നടത്തുന്നില്ലെങ്കിൽ, നോട്ടീസ് നൽകിയ കക്ഷിയുടെ അപേക്ഷയിൻമേലും, മററു കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകിയതിനുശേഷവും ; കോടതിക്ക്, അതത് സംഗതിപോലെ, മദ്ധ്യസ്ഥനേയോ, മദ്ധ്യസ്ഥൻമാരേയോ, അമ്പയറേയോ നിയമിക്കാവുന്നതും, അയാൾക്കോ അവർക്കോ, റഫറൻസിൽ പ്രവർത്തിക്കാനും അവാർഡ് നൽകാനും, താനോ തങ്ങളോ എല്ലാ കക്ഷികളുടേയും സമ്മതപ്രകാരം നിയമിക്കപ്പെട്ടിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള സദൃശാധികാരം ഉണ്ടായിരിക്കുന്നതും ആകുന്നു.

**പുതിയ മദ്ധ്യസ്ഥനേയോ ചില സംഗതികളിൽ അനന്യമദ്ധ്യസ്ഥനേയോ നിയമിക്കാൻ കക്ഷിക്ക് അധികാരം**

9. റഫറൻസ് ഓരോ കക്ഷിയാലും നിയമിക്കപ്പെടേണ്ട ഒരു മദ്ധ്യസ്ഥന്റെ വീതം രണ്ട് മദ്ധ്യസ്ഥൻമാർക്ക് ആയിരിക്കേണ്ടതാണെന്ന് മാദ്ധ്യസ്ഥക്കരാർ വ്യവസ്ഥ ചെയ്യുന്നിടത്ത്, കരാറിൽ വ്യത്യസ്തമായ ഉദ്ദേശ്യം പ്രകടമാക്കപ്പെട്ടിട്ടില്ലാത്തപക്ഷം,—

(ക) നിയമിക്കപ്പെട്ട മദ്ധ്യസ്ഥൻമാരായ ഇരുവരിൽ ഒരാൾ പ്രവർത്തിക്കാൻ ഉപേക്ഷ വരുത്തുകയോ, വിസമ്മതിക്കുകയോ അല്ലെങ്കിൽ പ്രവർത്തിക്കാൻ കഴിവില്ലാത്തവനായിരിക്കുകയോ, അല്ലെങ്കിൽ മരിക്കുകയോ ചെയ്യുന്നുവെങ്കിൽ അയാളെ നിയമിച്ച കക്ഷിക്ക്, അയാളുടെ സ്ഥാനത്ത് പുതിയ മദ്ധ്യസ്ഥനെ നിയമിക്കാവുന്നതും ;

(ഖ) ഒരു കക്ഷി, നിയമനം നടത്തുന്നതിന് മറേറ കക്ഷി ലിഖിതമായ നോട്ടീസ് നടത്തിയതനുശേഷം പതിനഞ്ച് പൂർണ്ണദിവസം ഒരു മദ്ധ്യസ്ഥനെ തന്റെ മദ്ധ്യസ്ഥന് നോട്ടീസ് നൽകുന്നതിനുമുമ്പേ നിയമിച്ചിട്ടുണ്ടായിരിക്കെ, ആദ്യമായോ, മുൻപറഞ്ഞതുപോലെ പകരമായോ മദ്ധ്യസ്ഥനെ നിയമിക്കാതിരിക്കുന്നുവെങ്കിൽ, മദ്ധ്യസ്ഥനെ നിയമിച്ചിട്ടുള്ള കക്ഷിക്ക്, ആ മദ്ധ്യസ്ഥനെ റഫറൻസിൽ അനന്യ മദ്ധ്യസ്ഥനായി പ്രവർത്തിക്കാൻ നിയമിക്കാവുന്നതും, അയാളുടെ അവാർഡ്, അയാരം സമ്മതപ്രകാരം നിയമിക്കപ്പെട്ടിട്ടുണ്ടായിരുന്നാലെന്നപോലെ, ഇരുകക്ഷികളേയും ബന്ധിക്കുന്നതായിരിക്കുന്നതുമാണ്.

എന്നാൽ, കോടതിക്ക്, (ഖ) ഖണ്ഡത്തിൻ കീഴിൽ അനന്യ മദ്ധ്യസ്ഥനായി നടത്തപ്പെട്ട ഏതെങ്കിലും നിയമനം ദുർബലപ്പെടുത്തുകയും മതിയായ കാരണം കാണിക്കപ്പെടുന്നതിൻമേൽ വീഴ്ച വരുത്തിയ കക്ഷിക്ക്, മദ്ധ്യസ്ഥനെ നിയമിക്കാൻ കൂടുതൽ സമയം അനുവദിക്കുകയോ, അല്ലെങ്കിൽ യുക്തമെന്നു തോന്നുന്ന മററു ഉത്തരവ് പാസ്സാക്കുകയോ ചെയ്യുകയും ചെയ്യാവുന്നതാണ്.

വിശദീകരണം.—ഒരു റഫറൻസിൽ പ്രവേശിക്കുകയും അതിൽ നടപടി തുടരാനും ഇരുകക്ഷികളിൽ ആരെങ്കിലും ചെയ്യുന്ന അപേക്ഷയ്ക്കുശേഷം, മദ്ധ്യസ്ഥനോ, അമ്പയറോ ഒരു മാസത്തിനുള്ളിൽ അപേക്ഷയനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നു എന്നുള്ള വസ്തുത, 8-ാം വകുപ്പിന്റേയും ഈ വകുപ്പിന്റേയും അർത്ഥത്തിൽ, പ്രവർത്തിക്കാൻ ഉപേക്ഷ വരുത്തലോ, വിസമ്മതിക്കലോ ആയിത്തീരാവുന്നതാണ്.

10. (1) റഫറൻസ് ഓരോ കക്ഷിയാലും നിയമിക്കപ്പെടേണ്ട ഒരു മദ്ധ്യസ്ഥനും ആ നിയമിത മദ്ധ്യസ്ഥൻമാരാൽ നിയമിക്കപ്പെടേണ്ട മൂന്നാമനും ആയി മൂന്നു മദ്ധ്യസ്ഥൻമാർക്ക് ആയിരിക്കേണ്ടതാണെന്ന് ഒരു മാദ്ധ്യസ്ഥ്യക്കരാർ വ്യവസ്ഥ ചെയ്യുന്നിടത്ത്, കരാറിന്, കക്ഷികരം നിയമിക്കുന്ന രണ്ട് മദ്ധ്യസ്ഥൻമാർ മൂന്നാമതൊരു മദ്ധ്യസ്ഥനെ നിയമിക്കുന്നതിനല്ല, അമ്പയറെ നിയമിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തതെന്നപോലെ പ്രഭാവമുണ്ടായിരിക്കുന്നതാകുന്നു.

മൂന്നോ അതിലധികമോ മദ്ധ്യസ്ഥൻമാരെ നിയമിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകരം

(2) റഫറൻസ്, (1)-ാം ഉപവകുപ്പിൽ പറഞ്ഞ വിധത്തിലല്ലാതെ നിയമിക്കപ്പെടേണ്ട മൂന്ന് മദ്ധ്യസ്ഥൻമാർക്കായിരിക്കേണ്ടതാണെന്ന് മാദ്ധ്യസ്ഥ്യക്കരാർ വ്യവസ്ഥ ചെയ്യുന്നിടത്ത്, മാദ്ധ്യസ്ഥ്യക്കരാർ മററു വിധത്തിൽ വ്യവസ്ഥ ചെയ്യാത്തപക്ഷം, ഭൂരിപക്ഷത്തിന്റെ അവാർഡിന് അധിപ്രഭാവമുണ്ടായിരിക്കുന്നതാകുന്നു.

(3) മാദ്ധ്യസ്ഥ്യക്കരാർ, മൂന്നിലധികം മദ്ധ്യസ്ഥൻമാരുടെ നിയമനത്തിന് വ്യവസ്ഥ ചെയ്യുന്നിടത്ത്, മാദ്ധ്യസ്ഥ്യക്കരാറിൽ, മററുവിധത്തിൽ വ്യവസ്ഥ ചെയ്യാത്തപക്ഷം, ഭൂരിപക്ഷത്തിന്റെ അവാർഡിനോ, മദ്ധ്യസ്ഥൻമാർ തങ്ങളുടെ അഭിപ്രായങ്ങളിൽ സമനിലയിൽ ഭിന്നിച്ചിരിക്കുകയാണെങ്കിൽ അമ്പയറുടെ അവാർഡിനോ അധിപ്രഭാവമുണ്ടായിരിക്കുന്നതാകുന്നു.

11. (1) റഫറൻസിൽ പ്രവേശിക്കുകയും അതിൽ നടപടി തുടരുകയും അവാർഡ് നൽകുകയും ചെയ്യുന്നതിൽ ന്യായമായ എല്ലാ വേഗവും കൈക്കൊള്ളാതിരിക്കുന്ന മദ്ധ്യസ്ഥനേയോ അമ്പയറേയോ കോടതിക്ക്, റഫറൻസിലെ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേൽ നീക്കം ചെയ്യാവുന്നതാണ്.

ചില പരിതഃസ്ഥിതികളിൽ മദ്ധ്യസ്ഥൻമാരേയോ, അമ്പയറേയോ നീക്കം ചെയ്യാൻ കോടതിക്കുള്ള അധികാരം

(2) കോടതിക്ക്, ദുഷിച്ച നിലയിൽ സ്വയം പെരുമാറുകയോ നടപടികരം നടത്തുകയോ ചെയ്തിട്ടുള്ള മദ്ധ്യസ്ഥനേയോ, അമ്പയറേയോ നീക്കം ചെയ്യാവുന്നതാണ്.

(3) മദ്ധ്യസ്ഥനോ, അമ്പയറോ ഈ വകുപ്പിൻകീഴിൽ നീക്കം ചെയ്യപ്പെട്ടിരിക്കുന്നിടത്ത്, അയാരക്ക് തന്റെ സേവനങ്ങരക്ക് എന്തെങ്കിലും വേതനം ലഭിക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

(4) ഈ വകുപ്പിന്റെ ആവശ്യങ്ങരക്ക്, "റഫറൻസിലെ നടപടി തുടരുക" എന്ന പദത്തിൽ, അമ്പയർക്ക് റഫറൻസ് ആവശ്യമായി തീരുന്നിടത്ത്, ആ വസ്തുതയെക്കുറിച്ച് കക്ഷികരക്കും, അമ്പയർക്കും നോട്ടീസ് നൽകുന്നത് ഉരംപ്പെടുന്നു.

12. (1) കോടതി, റഫറൻസിൽ പ്രവേശിച്ചിട്ടില്ലാത്ത ഒരു അമ്പയറേയോ, അല്ലെങ്കിൽ (എല്ലാ മദ്ധ്യസ്ഥൻമാരേയും അല്ലാതെ) ഒന്നോ അതിലധികമോ മദ്ധ്യസ്ഥൻമാരേയോ നീക്കം ചെയ്യുന്നിടത്ത്, മാദ്ധ്യസ്ഥ്യക്കരാറിലെ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേൽ, കോടതിക്ക്, ഒഴിവുകരം പൂരിപ്പിക്കാൻ ആളുകളെ നിയമിക്കാവുന്നതാണ്.

മദ്ധ്യസ്ഥനെ നീക്കം ചെയ്യുകയോ അയാളുടെ പ്രാധികാരം പിൻവലിക്കുകയോ ചെയ്യുന്നിടത്ത്, കോടതിയുടെ അധികാരം

(2) ഒരു മദ്ധ്യസ്ഥന്റേയോ മദ്ധ്യസ്ഥൻമാരുടേയോ അമ്പയറുടേയോ പ്രാധികാരം കോടതിയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുകയോ, അല്ലെങ്കിൽ കോടതി, റഫറൻസിൽ പ്രവേശിച്ചിട്ടുള്ള ഒരു അമ്പയറേയോ, അല്ലെങ്കിൽ ഒരു അനന്യ മദ്ധ്യസ്ഥനേയോ, എല്ലാ മദ്ധ്യസ്ഥൻമാരേയുമോ, നീക്കം ചെയ്യുകയോ ചെയ്യുന്നിടത്ത്, മാദ്ധ്യസ്ഥ്യക്കരാറിലെ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേൽ, കോടതിക്ക്,—

(ക) സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ആളുടേയോ ആളുകളുടേയോ സ്ഥാനത്ത് അനന്യമദ്ധ്യസ്ഥനായി പ്രവർത്തിക്കാൻ ഒരാളെ നിയമിക്കുകയോ ; അല്ലെങ്കിൽ

(ഖ) റഫർ ചെയ്യപ്പെട്ട വിവാദം സംബന്ധിച്ച് മാദ്ധ്യസ്ഥ്യക്കരാറിന് പ്രഭാവമില്ലാതാകുന്നതാണെന്ന് ഉത്തരവ് ചെയ്യുകയോ,

ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻ കീഴിൽ മദ്ധ്യസ്ഥനോ അമ്പയറോ ആയി നിയമിക്കപ്പെടുന്ന ആൾക്ക്, റഫറൻസിൽ പ്രവർത്തിക്കാനും അവാർഡ് നൽകാനും താൻ മാദ്ധ്യസ്ഥ്യക്കരാറനുസരിച്ച് നിയമിക്കപ്പെട്ടിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള സദൃശാധികാരം ഉണ്ടായിരിക്കുന്നതാണ്.

**മദ്ധ്യസ്ഥന്റെ അധികാരങ്ങൾ**

13. മദ്ധ്യസ്ഥൻമാർക്കോ, അമ്പയർക്കോ, കരാറിൽ വ്യത്യസ്തമായ ഉദ്ദേശ്യം പ്രകടമാക്കപ്പെടാത്തപക്ഷം,—

(ക) ഹാജരാകുന്ന കക്ഷികളേയും സാക്ഷികളേയും ശപഥം ചെയ്യിക്കാനും ;

(ഖ) ഉൾക്കൊണ്ടിരിക്കുന്ന ഏതെങ്കിലും നിയമപ്രശ്നം സംബന്ധിച്ച്, കോടതിയുടെ അഭിപ്രായത്തിനായി ഒരു വിശേഷാൽ വസ്തുതാ വിവരണം തയ്യാറാക്കുകയോ അല്ലെങ്കിൽ അവാർഡ് പൂർണ്ണമായോ ഭാഗികമായോ, അങ്ങനെയുള്ള പ്രശ്നത്തിന്റെ ഒരു വിശേഷാൽ വസ്തുതാ വിവരണത്തിന്റെ രൂപത്തിൽ കോടതിയുടെ അഭിപ്രായത്തിനായി തയ്യാറാക്കുകയോ ചെയ്യുന്നതിനും ;

(ഗ) അവാർഡ് സോപാധികമായോ ആനുകൽപികമായോ നൽകാനും ;

(ഘ) അവാർഡിൽ ഏതെങ്കിലും കൈത്തെററോ, യാദൃച്ഛികമായ ഏതെങ്കിലും കൈപ്പിഴയിൽ നിന്നോ വിട്ടുകളയലിൽ നിന്നോ ഉൽഭവിക്കുന്ന ഏതെങ്കിലും പിശകോ തിരുത്താനും ;

(ങ) മദ്ധ്യസ്ഥന്മാരുടെയോ, അമ്പയറുടേയോ അഭിപ്രായത്തിൽ ആവശ്യകമായ ലിഖിത ചോദ്യങ്ങൾ മാദ്ധ്യസ്ഥ്യത്തിലെ ഏതെങ്കിലും കക്ഷിക്ക്, നൽകാനും അധികാരമുണ്ടായിരിക്കുന്നതാണ്.

**അവാർഡ് ഒപ്പിടുകയും ഫയൽ ചെയ്യുകയും ചെയ്യണമെന്ന്**

14. (1) മദ്ധ്യസ്ഥൻമാരോ അമ്പയറോ അവരുടെ അവാർഡ് നൽകിയാൽ അത് അവർ ഒപ്പിടുകയും, അത് നൽകിയതിനെക്കുറിച്ചും, ഒപ്പിട്ടതിനെക്കുറിച്ചും, മാദ്ധ്യസ്ഥ്യവും അവാർഡും സംബന്ധിച്ച് കൊടുക്കേണ്ട ഫീസിന്റേയും ചാർജ്ജുകളുടെയും തുകയെക്കുറിച്ചും കക്ഷികൾക്ക് ലിഖിതമായ നോട്ടീസ് നൽകുകയും ചെയ്യേണ്ടതാകുന്നു.

(2) മദ്ധ്യസ്ഥൻമാരോ, അമ്പയറോ, മാദ്ധ്യസ്ഥ്യക്കരാറിലെ ഏതെങ്കിലും കക്ഷിയോ അങ്ങനെയുള്ള കക്ഷിയുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളുടേയോ അപേക്ഷയിൻമേലും, അല്ലെങ്കിൽ കോടതി നിദ്ദേശിക്കുന്നപക്ഷവും, മാദ്ധ്യസ്ഥ്യവും അവാർഡും സംബന്ധിച്ച് കൊടുക്കേണ്ട ഫീസും ചാർജ്ജുകളും അവാർഡ് ഫയൽ ചെയ്യുന്നതിനുള്ള ചെലവുകളും ചാർജ്ജുകളും കൊടുക്കുന്നതിൻമേലും, അവാർഡോ അതിന്റെ ഒപ്പിട്ട പകർപ്പോ, തങ്ങളുടെ മുൻപാകെ എടുക്കുകയും തെളിയിക്കുകയും ചെയ്തിട്ടുള്ള ഏതെങ്കിലും മൊഴികളും രേഖകളും സഹിതം, കോടതിയിൽ ഫയൽ ചെയ്യിക്കേണ്ടതും, അപ്പോൾ അവാർഡ് ഫയൽ ചെയ്തതിനെ ക്കുറിച്ച് കോടതി കക്ഷികൾക്ക് നോട്ടീസ് നൽകേണ്ടതും ആകുന്നു.

(3) മദ്ധ്യസ്ഥൻമാരോ, അമ്പയറോ 13-ാം വകുപ്പ് (ഖ) ഖണ്ഡത്തിൻ കീഴിൽ ഒരു വിശേഷാൽ വസ്തുതാ വിവരണം തയ്യാറാക്കുന്നിടത്ത്, കോടതി, കക്ഷികൾക്ക് നോട്ടീസ് നൽകുകയും അവർക്ക് പറയാനുള്ളത് കേൾക്കുകയും ചെയ്തതിനുശേഷം, അതിൻമേൽ അതിന്റെ അഭിപ്രായം പ്രസ്താവിക്കേണ്ടതും, അങ്ങനെയുള്ള അഭിപ്രായങ്ങൾ അവാർഡിനോട് ചേർക്കേണ്ടതും, അവ അവാർഡിന്റെ ഭാഗമായിത്തീരുന്നതുമാകുന്നു.

**അവാർഡ് രൂപഭേദപ്പെടുത്താൻ കോടതിക്കുള്ള അധികാരം**

15. കോടതിക്ക്,—

(ക) അവാർഡിലെ ഒരു ഭാഗം മാദ്ധ്യസ്ഥ്യത്തിന് റഫർ ചെയ്യാത്ത ഒരു വിഷയത്തിൻമേലാണെന്നും, അങ്ങനെയുള്ള ഭാഗം മറേറ ഭാഗത്തിൽ നിന്ന് വേർപ്പെടുത്താൻ കഴിയുന്നതാണെന്നും അത് റഫർ ചെയ്ത വിഷയത്തിൻമേലുള്ള തീരുമാനത്തെ ബാധിക്കുകയില്ലെന്നും കാണപ്പെടുന്നിടത്തോ ; അല്ലെങ്കിൽ

(ഖ) അവാർഡ്, രൂപത്തിൽ ന്യൂനതയുള്ളതായിരിക്കുകയോ, അങ്ങനെയുള്ള തീരുമാനത്തെ ബാധിക്കാതെ ഭേദഗതി ചെയ്യാവുന്ന ഏതെങ്കിലും പ്രത്യക്ഷമായ തെററ് അടങ്ങിയിരിക്കുകയോ ചെയ്യുന്നിടത്തോ, അല്ലെങ്കിൽ

(ഗ) അവാർഡിൽ ഒരു കൈത്തെററോ യാദൃച്ഛികമായ കൈപ്പിഴയിൽനിന്നോ വിട്ടുപോകലിൽ നിന്നോ ഉൽഭവിക്കുന്ന ഒരു പിശകോ ഉണ്ടായിരിക്കുന്നിടത്തോ, അവാർഡ് ഉത്തരവുവഴി രൂപഭേദപ്പെടുത്തുകയോ, തിരുത്തുകയോ ചെയ്യാവുന്നതാണ്.

**അവാർഡ് തിരിച്ചയ്ക്കാനുള്ള അധികാരം**

16. (1) കോടതിക്ക്—

(ക) അവാർഡ്, മാദ്ധ്യസ്ഥ്യത്തിന് റഫർ ചെയ്ത വിഷയങ്ങളിൽ ഏതെങ്കിലും തീർപ്പാക്കാതെ വിട്ടിരിക്കുന്നിടത്തോ, അല്ലെങ്കിൽ മാദ്ധ്യസ്ഥ്യത്തിന് റഫർ ചെയ്യാത്ത ഏതെങ്കിലും വിഷയം തീർപ്പാക്കുകയും അങ്ങനെയുള്ള വിഷയം റഫർ ചെയ്ത വിഷയങ്ങളുടെ തീർപ്പിനെ ബാധിക്കാതെ വേർപെടുത്താൻ കഴിയാതിരിക്കുകയും ചെയ്യുന്നിടത്തോ ; അല്ലെങ്കിൽ

(ഖ) അവാർഡ് നടപ്പിലാക്കാൻ കഴിയാത്ത വിധം അവ്യക്തമായിരിക്കുന്നിടത്തോ ; അല്ലെങ്കിൽ

(ഗ) അവാർഡിന്റെ നിയമസാധുതയെക്കുറിച്ചുള്ള ഒരു ആക്ഷേപം പ്രഥമ
ദൃഷ്ട്യാതന്നെ പ്രകടമായിരിക്കുന്നിടത്തോ,

അവാർഡോ, മാദ്ധ്യസ്ഥതയ്ക്ക് റഫർ ചെയ്ത ഏതെങ്കിലും വിഷയമോ
കോടതിക്ക് യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേൽ അപ്പോഴപ്പോൾ മദ്ധ്യ
സ്ഥൻമാർക്കോ അമ്പയർക്കോ പുന:പരിഗണനയ്ക്ക് തിരിച്ചയക്കാവുന്നതാണ്.

(2) അവാർഡ് (1)-ാം ഉപവകുപ്പിൻകീഴിൽ തിരിച്ചയക്കുന്നിടത്ത്, മദ്ധ്യ
സ്ഥനോ അമ്പയറോ, അയാളുടെ തീരുമാനം കോടതിക്ക് സമർപ്പിക്കേണ്ടത് ഏത്
സമയത്തിനുള്ളിലാണെന്നത് കോടതി നിജപ്പെടുത്തേണ്ടതാകുന്നു:

എന്നാൽ അങ്ങനെ നിജപ്പെടുത്തിയ ഏതെങ്കിലും സമയം കോടതിയുടെ
പിന്നീടുള്ള ഉത്തരവിനാൽ നീട്ടിക്കൊടുക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ തിരിച്ചയക്കപ്പെടുന്ന അവാർഡ്, മദ്ധ്യ
സ്ഥനോ അമ്പയറോ പുന:പരിഗണിക്കുകയും നിജപ്പെടുത്തിയ സമയത്തിനുള്ളിൽ
തന്റെ തീരുമാനം കോടതിക്ക് സമർപ്പിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ
ശൂന്യമായിത്തീരുന്നതാണ്.

17. അവാർഡോ മാദ്ധ്യസ്ഥ്യത്തിന് റഫർചെയ്ത വിഷയങ്ങളിൽ
ഏതെങ്കിലുമോ പുന:പരിഗണനയ്ക്കായി തിരിച്ചയയ്ക്കുകയോ, അല്ലെങ്കിൽ
അവാർഡ് ദുർബ്ബലപ്പെടുത്തുകയോ ചെയ്യുന്നതിന് കാരണം കാണാതിരിക്കുന്നി
ടത്ത്, കോടതി, അവാർഡ് ദുർബ്ബലപ്പെടുത്താൻ അപേക്ഷ കൊടുക്കുന്നതിനുള്ള
സമയം കഴിഞ്ഞതിനുശേഷമോ, അല്ലെങ്കിൽ അങ്ങനെയുള്ള അപേക്ഷ കൊടുത്തി
രിക്കെ, അതു നിരസിച്ചതിനുശേഷമോ, അവാർഡ് അനുസരിച്ച് വിധിന്യായം
പ്രസ്താവിക്കാൻ നടപടി തുടരേണ്ടതും, അപ്രകാരം പ്രസ്താവിക്കപ്പെടുന്ന വിധി
ന്യായത്തിൻമേൽ ഒരു വിധി തുടർന്നുണ്ടായിരിക്കേണ്ടതും, അങ്ങനെയുള്ള വിധി
അവാർഡിൽ കവിഞ്ഞുള്ളതാണെന്നോ, അല്ലെങ്കിൽ മററുവിധത്തിൽ അവാർഡ് അനു
സരിച്ചുള്ളതല്ലാത്തതാണെന്നോ ഉള്ള കാരണത്തിൻമേലൊഴികെ, അതിൽനിന്ന്
അപ്പീലുണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

അവാർഡ് അനുസരിച്ച് വിധി ന്യായം.

18. (1) 17-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അവാർഡ് ഫയൽ
ചെയ്തതിനുശേഷം ഏതു സമയത്തും, ഫയൽ ചെയ്തതിനെക്കുറിച്ച് നോട്ടീസ്
നടത്തിയിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, അവാർഡിൻമേൽ പാസ്സാക്കപ്പെട്ടേക്കാവുന്ന
ഏതെങ്കിലും വിധിയുടെ നടത്തൽ പരാജയപ്പെടുത്തുകയോ, താമസിപ്പിക്കുകയോ,
തടസ്സപ്പെടുത്തുകയോ ചെയ്യാൻ ഏതെങ്കിലും കക്ഷി നടപടികൾ എടുത്തിട്ടു
ണ്ടെന്നോ എടുക്കാൻ പോവുകയാണെന്നോ, അല്ലെങ്കിൽ അവാർഡ് വേഗം നടപ്പാക്കു
ന്നതു നീതിപൂർവ്വകവും ആവശ്യകവുമാണെന്നോ സത്യവാങ്മൂലത്താലോ മററു
വിധത്തിലോ ബോദ്ധ്യപ്പെടുന്നതിൻമേൽ കോടതിക്ക്, ആവശ്യകമെന്ന് കരുതുന്ന
ഇടക്കാല ഉത്തരവുകൾ പാസ്സാക്കാവുന്നതാണ്.

(2) ഏതൊരാൾക്കെതിരായാണോ അങ്ങനെയുള്ള ഇടക്കാല ഉത്തരവുകൾ
പാസ്സാക്കിയിട്ടുള്ളത്, ആ ആൾക്ക്, അങ്ങനെയുള്ള ഉത്തരവുകൾക്കെതിരായി
കാരണം കാണിക്കാവുന്നതും, കക്ഷികൾക്കു പറയാനുള്ളതു കേട്ടതിനുശേഷം
കോടതിക്ക് ആവശ്യകവും നീതിപൂർവ്വകവുമാണെന്നു കരുതുന്ന കൂടുതൽ ഉത്തരവു
കൾ പാസ്സാക്കാവുന്നതുമാണ്.

ഇടക്കാല ഉത്തരവുകൾ പാസ്സാക്കാൻ 'കോടതിക്കുള്ള അധി' കാരം.

19. ഒരു അവാർഡ് 16-ാം വകുപ്പ്, (3)-ാം ഉപവകുപ്പിൻകീഴിൽ ശൂന്യമായി
ത്തീർന്നിരിക്കുന്നിടത്തോ, അല്ലെങ്കിൽഅത് ദുർബ്ബലപ്പെടുത്തപ്പെട്ടിരിക്കുന്നിടത്തോ,
കോടതിക്ക് ഉത്തരവുവഴി റഫറൻസ് പ്രഭാവരഹിതമാക്കാവുന്നതും, റഫർ ചെയ്ത
വിവാദം സംബന്ധിച്ച് മാദ്ധ്യസ്ഥ്യത്തീർപ്പിന് പ്രഭാവം ഇല്ലാതായിത്തീരു
മെന്ന് അതോടെ ഉത്തരവ് ചെയ്യേണ്ടതുമാകുന്നു.

അവാർഡ് ശൂന്യമായിത്തീരുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യുമ്പോൾ മാദ്ധ്യസ്ഥ്യം പ്രഭാവരഹിതമാക്കാനുള്ള അധികാരം.

## അദ്ധ്യായം III

## വ്യവഹാരം നിലവിലില്ലാത്തിടത്ത് കോടതിയുടെ ഇടപെടലോടുകൂടിയുള്ള മാദ്ധ്യസ്ഥ്യം

20. (1) ഏതെങ്കിലും ആളുകൾ ഒരു മാദ്ധ്യസ്ഥ്യക്കരാറിൽ, ആ കരാറിന്റെ
വിഷയവസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ സംബന്ധിച്ച് ഏതെങ്കിലും
വ്യവഹാരം ആരംഭിക്കപ്പെടുന്നതിനുമുൻപ് ഏർപ്പെട്ടിരിക്കുകയും ആ കരാർ ബാധക
മാകുന്ന ഒരു വിവാദം ഉദ്ഭവിച്ചിരിക്കുകയും ചെയ്യുന്നിടത്ത്, അവർക്കോ അവരിൽ
ആർക്കെങ്കിലുമോ, II-ാം അദ്ധ്യായത്തിൻകീഴിൽ നടപടി തുടരുന്നതിനുപകരം,
ഏത് വിഷയത്തെക്കുറിച്ചുള്ളതാണോ ആ വിഷയത്തിൽ അധികാരിതയുള്ള കോടതി
യോട് കരാർ കോടതിയിൽ ഫയൽ ചെയ്യപ്പെടണമെന്ന്, അപേക്ഷിക്കാവുന്നതാണ്.

മാദ്ധ്യസ്ഥ്യ കരാർ കോടതിയിൽ ഫയൽ ചെയ്യുന്നതിനുള്ള അപേക്ഷ

(2) ആ അപേക്ഷ ലിഖിതമായിരിക്കേണ്ടതും, അത് എല്ലാ കക്ഷികളും കൂടി ബോധിപ്പിച്ചിട്ടുള്ളതാണെങ്കിൽ, താത്പര്യമുള്ളവരോ താത്പര്യമുള്ളവരെന്ന് അവകാശപ്പെടുന്നവരോ ആയ കക്ഷികളിൽ ഒന്നോ അതിലധികമോ പേർ വാദിയോ വാദികളോ എന്ന നിലയിലും, ബാക്കിയുള്ളവർ പ്രതിയോ പ്രതികളോ എന്ന നിലയിലും, മററുവിധത്തിലാണെങ്കിൽ, അപേക്ഷകൻ വാദി എന്ന നിലയിലും, മററു കക്ഷികൾ പ്രതികൾ എന്ന നിലയിലും, തമ്മിലുള്ള വ്യവഹാരമെന്ന നിലയിൽ നമ്പരിടുകയും രജിസ്ററർ ചെയ്യുകയും ചെയ്യേണ്ടതുമാകുന്നു.

(3) അങ്ങനെയുള്ള അപേക്ഷ കൊടുക്കുന്നതിൻമേൽ കോടതി, അപേക്ഷകരല്ലാത്ത, കരാറിലെ എല്ലാ കക്ഷികൾക്കും, കരാർ ഫയൽ ചെയ്യാതിരിക്കാൻ നോട്ടീസിൽ വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ കാരണം കാണിക്കാൻ അവരോട് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സംബന്ധിച്ച് നോട്ടീസിന് നിദേശിക്കേണ്ടതാകുന്നു.

(4) മതിയായ കാരണം കാണിക്കാത്തിടത്ത്, കോടതി, കരാർ ഫയൽ ചെയ്യപ്പെടണമെന്ന് ഉത്തരവു ചെയ്യുകയും, കക്ഷികൾ നിയമിച്ച മദ്ധ്യസ്ഥനോ, അത് കരാറിലോ മററുവിധത്തിലോ ആയാലും മദ്ധ്യസ്ഥൻെറ കാര്യത്തിൽ കക്ഷികൾക്ക് യോജിക്കാൻ കഴിയാത്തിടത്ത്, കോടതി നിയമിക്കുന്ന മദ്ധ്യസ്ഥനോ റഫർ ചെയ്യുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യേണ്ടതാകുന്നു.

(5) അതിനുശേഷം മാദ്ധ്യസ്ഥ്യം, ഈ ആക്ററിലെ മററു വ്യവസ്ഥകൾ ബാധകമാക്കപ്പെടാവുന്നിടത്തോളം, അവയ്ക്ക് അനുസൃതമായി തുടരുകയും അവയാൽ അനുശാസിതമായിരിക്കുകയും ചെയ്യേണ്ടതാകുന്നു.

## അദ്ധ്യായം IV

## വ്യവഹാരങ്ങളിലെ മാദ്ധ്യസ്ഥ്യം

വ്യവഹാരത്തിലെ കക്ഷികൾക്കു റഫറൻസിനുള്ള ഉത്തരവിന് അപേക്ഷിക്കാമെന്ന്.

21. ഏതെങ്കിലും വ്യവഹാരത്തിൽ, അതിൽ തങ്ങൾ തമ്മിൽ വിവാദത്തിലുള്ള ഏതെങ്കിലും വിഷയം മാദ്ധ്യസ്ഥ്യത്തിന് റഫർ ചെയ്യണമെന്ന് എല്ലാ തത്പര കക്ഷികളും തമ്മിൽ കരാർ ചെയ്യുന്നിടത്ത്, അവർ വിധിന്യായം പ്രസ്താവിക്കുന്നതിനു മുൻപ് ഏത് സമയത്തും, അവർക്ക് കോടതിയോട് റഫറൻസിനുള്ള ഉത്തരവിന് ലിഖിതമായി അപേക്ഷിക്കാവുന്നതാണ്.

മദ്ധ്യസ്ഥൻെറ നിയമനം.

22. മദ്ധ്യസ്ഥൻ, കക്ഷികൾ തമ്മിൽ കരാർ ചെയ്യുന്ന രീതിയിൽ നിയമിക്കപ്പെടേണ്ടതാകുന്നു.

റഫറൻസ് ഉത്തരവ്.

23. (1) മദ്ധ്യസ്ഥനാൽ തീർപ്പാക്കപ്പെടേണ്ടതാണെന്ന് ആവശ്യപ്പെടുന്ന വിവാദവിഷയം, കോടതി അയാൾക്ക് ഉത്തരവുവഴി റഫർ ചെയ്യേണ്ടതും, അവാർഡ് നല്കാനുള്ള ന്യായമെന്ന് തോന്നുന്ന സമയം ഉത്തരവിൽ വിനിർദ്ദേശിക്കേണ്ടതുമാകുന്നു.

(2) ഒരു വിഷയം മാദ്ധ്യസ്ഥ്യത്തിന് റഫർ ചെയ്യപ്പെടുന്നിടത്ത്, ഈ ആക്ററിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിലും വ്യവസ്ഥ ചെയ്യുന്നിടത്തോളവുമൊഴികെ, കോടതി അങ്ങനെയുള്ള വിഷയം വ്യവഹാരത്തിൽ കൈകാര്യം ചെയ്യാൻ പാടുള്ളതല്ല.

മാദ്ധ്യസ്ഥ്യത്തിന് കക്ഷികളിൽ ചില രാലുള്ള റഫറൻസ്.

24. തങ്ങൾ തമ്മിൽ വിവാദത്തിലുള്ള വിഷയങ്ങൾ, 21-ാം വകുപ്പിന് അനുസൃതമായും, അത് വ്യവസ്ഥ ചെയ്യുന്ന രീതിയിലും മാദ്ധ്യസ്ഥ്യത്തിന് റഫർ ചെയ്തുകിട്ടാൻ വ്യവഹാരത്തിലെ കക്ഷികളിൽ ചിലർമാത്രം, അപേക്ഷിക്കുന്നിടത്ത്, ഉചിതമെന്ന് തോന്നുന്നുവെങ്കിൽ കോടതിക്ക്, അങ്ങനെയുള്ള വിഷയങ്ങൾ, ആ വകുപ്പിൽ വ്യവസ്ഥചെയ്യുന്ന രീതിയിൽ മാദ്ധ്യസ്ഥ്യത്തിന് അപ്രകാരം റഫർ ചെയ്യാവുന്നതും, (എന്നാൽ അവ വ്യവഹാരത്തിലെ ബാക്കി വിഷയ വസ്തുവിൽ നിന്ന് വേർപെടുത്താൻ കഴിയുന്നതായിരിക്കണം) എന്നാൽ വ്യവഹാരം, മുൻപറഞ്ഞ അപേക്ഷയിൽ ചേർന്നിട്ടില്ലാത്ത കക്ഷികളേയും മുൻപറഞ്ഞ റഫറൻസിൽ അടങ്ങിയിട്ടില്ലാത്ത വിഷയങ്ങളേയും സംബന്ധിക്കുന്നിടത്തോളം, അങ്ങനെയുള്ള അപേക്ഷ കൊടുത്തിട്ടുണ്ടായിരുന്നില്ലെങ്കിലെന്നപോലെ തുടരുന്നതും, അങ്ങനെയുള്ള റഫറൻസിനെ തുടർന്ന് നൽകുന്ന അവാർഡ്, അപേക്ഷയിൽ ചേർന്നിട്ടുള്ള കക്ഷികളെ മാത്രം ബന്ധിക്കുന്നതുമാകുന്നു.

ഈ അദ്ധ്യായത്തിൻ കീഴിലെ മാദ്ധ്യസ്ഥ്യങ്ങൾക്ക് ബാധകമാകുന്ന വ്യവസ്ഥകൾ.

25. മററദ്ധ്യായങ്ങളിലെ വ്യവസ്ഥകൾ, അവ ബാധകമാക്കപ്പെടാവുന്നിടത്തോളം, ഈ അദ്ധ്യായത്തിൻകീഴിലെ മാദ്ധ്യസ്ഥ്യങ്ങൾക്ക് ബാധകമായിരിക്കുന്നതാണ്:

എന്നാൽ കോടതിക്ക്, 8,10,11,12 എന്നീ വകുപ്പുകളിൽ പറഞ്ഞ പതിത:സ്ഥിതികളിൽ, ഏതിലും ഒഴിവുകൾ പൂരിപ്പിക്കുകയോ നിയമനങ്ങൾ നടത്തുകയോ ചെയ്യുന്നതിനുപകരം, മാദ്ധ്യസ്ഥ്യം പ്രഭാവരഹിതമാക്കുന്ന ഉത്തരവു പുറപ്പെടുവിക്കുകയും, വ്യവഹാരം തുടർന്നു നടത്തുകയും ചെയ്യാവുന്നതും, കോടതി, 19-ാം വകുപ്പിൻകീഴിൽ മാദ്ധ്യസ്ഥ്യം പ്രഭാവരഹിതമാക്കുന്ന ഉത്തരവു പുറപ്പെടുവിക്കുന്നിടത്ത്, അത് വ്യവഹാരം തുടർന്നു നടത്തേണ്ടതുമാകുന്നു.

## അദ്ധ്യായം V

## സാമാന്യം

*അദ്ധ്യായത്തിന്റെ ബാധകത.—*

26. ഈ ആക്ററിൽ മററുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന വിധമൊഴികെ, ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ എല്ലാ മാദ്ധ്യസ്ഥ്യങ്ങൾക്കും ബാധകമായിരിക്കുന്നതാകുന്നു.

*ഇടക്കാല അവാർഡ് നല്കാൻ മദ്ധ്യസ്ഥൻമാർക്കുള്ള അധികാരം.—*

27. (1) മാദ്ധ്യസ്ഥ്യക്കരാറിൽ വ്യത്യസ്തമായ ഉദ്ദേശ്യം കാണാത്തപക്ഷം, മദ്ധ്യസ്ഥൻമാർക്കോ അമ്പയർക്കോ ഉചിതമെന്നു തോന്നുന്നുവെങ്കിൽ, ഒരു ഇടക്കാല അവാർഡ് നല്കാവുന്നതാണ്.

(2) അവാർഡിനെക്കുറിച്ചുള്ള ഈ ആക്ററിലെ എല്ലാ പരാമർശങ്ങളിലും (1)-ാം ഉപവകുപ്പിൻകീഴിൽ നല്കുന്ന ഇടക്കാല അവാർഡിനെക്കുറിച്ചുള്ള പരാമർശങ്ങൾ ഉൾപ്പെടുന്നതാകുന്നു.

*അവാർഡ്, നല്കുന്നതിനുള്ള സമയം ദീർഘിപ്പിക്കാൻ കോടതിക്ക് മാത്രം അധികാരം.—*

28. (1) കോടതിക്ക്, അവാർഡ് നൽകുന്നതിനുള്ള സമയം കഴിഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും അവാർഡ് നൽകിയിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും അവാർഡ് നല്കാനുള്ള സമയം യുക്തമെന്ന് തോന്നുന്നുവെങ്കിൽ അപ്പോഴപ്പോൾ ദീർഘിപ്പിക്കാവുന്നതാണ്.

(2) ഒരു മാദ്ധ്യസ്ഥ്യക്കരാറിലെ ഏതൊരു വ്യവസ്ഥയാലാണോ ആ കരാറിലെ എല്ലാ കക്ഷികളുടേയും സമ്മതത്തോടൊഴികെ അവാർഡ് നല്കാനുള്ള സമയം മദ്ധ്യസ്ഥനോ അമ്പയർക്കോ ദീർഘിപ്പിക്കാവുന്നത്, അങ്ങനെയുള്ള വ്യവസ്ഥ ശൂന്യവും പ്രാബല്യമില്ലാത്തതുമായിരിക്കുന്നതാണ്.

*അവാർഡുകളിമേലുള്ള പലിശ.—*

29. അവാർഡ്, പണം കൊടുക്കാനുള്ളതായിരിക്കുന്നിടത്തും ആയിരിക്കുന്നിടത്തോളവും, കോടതിക്ക്, അവാർഡ് ന്യായനിർണ്ണയം ചെയ്യുകയും, വിധി സ്ഥിരപ്പെടുത്തുകയും ചെയ്ത പ്രകാരമുള്ള മുതലിൻമേൽ വിധിയുടെ തീയതി മുതൽ, ന്യായമെന്ന് കോടതി കരുതുന്ന നിരക്കിലുള്ള പലിശയ്ക്ക് വിധിയിൽ ഉത്തരവ് ചെയ്യാവുന്നതാണ്.

*അവാർഡ്, ദുർബലപ്പെടുത്താനുള്ള, കാരണങ്ങൾ.—*

30. അവാർഡ്, താഴെ പറയുന്ന കാരണങ്ങളിൽ ഒന്നിൻമേലോ ഒന്നിലധികത്തിൻമേലോ ഒഴികെ ദുർബലപ്പെടുത്താൻ പാടുള്ളതല്ല, അതായത്.—

(ക) മദ്ധ്യസ്ഥനോ അമ്പയറോ ദുഷിച്ചനിലയിൽ സ്വയം പെരുമാറുകയോ നടപടികൾ നടത്തുകയോ ചെയ്തിട്ടുണ്ടെന്നുള്ളത് ;

(ഖ) അവാർഡ് മാദ്ധ്യസ്ഥ്യം ദുർബലപ്പെടുത്തിക്കൊണ്ടുള്ള കോടതി ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷമോ, അല്ലെങ്കിൽ മാദ്ധ്യസ്ഥ്യ നടപടികൾ 35-ാം വകുപ്പിൻകീഴിൽ അസാധുവായിത്തീർന്നതിനുശേഷമോ ആണ് നല്കിയിട്ടുള്ളത് എന്നുള്ളത്;

(ഗ) അവാർഡ് അനുചിതമായി നേടിയിട്ടുള്ളതോ അല്ലെങ്കിൽ മററുവിധത്തിൽ അസാധുവായതോ ആണെന്നുള്ളത്.

*അധികാരിത.—*

31. (1) അവാർഡ്, റഫറൻസ് ഏതുവിഷയത്തെ സംബന്ധിക്കുന്നതാണോ, ആ വിഷയത്തിൽ അധികാരിതയുള്ള ഏതു കോടതിയിലും ഫയൽ ചെയ്യാവുന്നതും ഇത് ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതുമാകുന്നു.

(2) തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിമയത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൽ മററുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന വിധമൊഴികെ അവാർഡിൻേറയോ മാദ്ധ്യസ്ഥ്യക്കരാറിൻേറയോ സാധുതയെക്കുറിച്ചോ പ്രഭാവത്തെക്കുറിച്ചോ അസ്തിത്വത്തെക്കുറിച്ചോ ആ കരാറിലെ കക്ഷികളോ അവരുടെ കീഴിൽ അവകാശപ്പെടുന്ന ആളുകളോ തമ്മിലുള്ള എല്ലാപ്രശ്നങ്ങളും, ഏത് കോടതിയിലാണോ കരാറിൻകീഴിലെ അവാർഡ് ഫയൽ ചെയ്തിട്ടുള്ളത്, അല്ലെങ്കിൽ ചെയ്യുന്നത്, ആ കോടതിയാൽ തീരുമാനിക്കപ്പെടേണ്ടതും മറെറാരു കോടതിയാലും തീരുമാനിക്കപ്പെടാൻ പാടില്ലാത്തതുമാകുന്നു.

(3) മാദ്ധ്യസ്ഥ്യ നടപടികളുടെ നടത്തിപ്പ് സംബന്ധിച്ചതോ അല്ലെങ്കിൽ മററു വിധത്തിൽ അങ്ങനെയുള്ള നടപടികളിൽ നിന്ന് ഉദ്ഭവിക്കുന്നതോ ആയ എല്ലാ അപേക്ഷകളും, ഏത് കോടതിയിലാണോ അവാർഡ് ഫയൽ ചെയ്തിട്ടുള്ളത്, അല്ലെങ്കിൽ ചെയ്യുന്നത്, ആ കോടതിയിൽ കൊടുക്കേണ്ടതും, മറെറാരു കോടതിയിലും കൊടുക്കാൻ പാടില്ലാത്തതും ആകുന്നു.

(4) ഈ ആക്ററിൽ മറെറവിടെയെങ്കിലുമോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും റഫറൻസിൽ ഈ ആക്ററിൻകീഴിലെ ഏതെങ്കിലും അപേക്ഷ, അത് സ്വീകരിക്കാൻ ക്ഷമതയുള്ള ഒരു കോടതിയിൽ കൊടുത്തിട്ടുള്ളിടത്ത്, മാദ്ധ്യസ്ഥ്യ നടപടികളിൻമേൽ ആ കോടതിക്കുമാത്രം അധികാരിത ഉണ്ടായിരിക്കുന്നതും ആ റഫറൻസിൽനിന്ന് മാദ്ധ്യസ്ഥ്യ നടപടികളിൽനിന്നും ഉദ്ഭവിക്കുന്ന പിന്നീടുള്ള എല്ലാ അപേക്ഷകളും ആ കോടതിയിൽ കൊടുക്കേണ്ടതും മറെറാരുകോടതിയിലും കൊടുക്കാൻ പാടില്ലാത്തതും ആകുന്നു.

**മാദ്ധ്യസ്ഥ്യക്കരാറിനേയോ അവാർഡിനേയോ, എതിർക്കുന്ന വ്യവഹാരങ്ങൾക്ക് തടസ്സം.**

32. തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതു നിയമം ഉണ്ടായിരുന്നാലും, ഒരു മാദ്ധ്യസ്ഥ്യക്കരാറിന്റേയോ അവാർഡിന്റേയോ അസ്തിത്വത്തെക്കുറിച്ചോ പ്രഭാവത്തെക്കുറിച്ചോ സാധുതയെക്കുറിച്ചോ ഉള്ള ഒരു തീരുമാനത്തിന് ഏതെങ്കിലും കാരണത്തിൻമേൽ, അത് എന്തുതന്നെയായാലും, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്യുന്ന വിധമല്ലാതെ യാതൊരു വ്യവഹാരവും നിലനില്ക്കുന്നതല്ലാത്തതും, ഏതെങ്കിലും മാദ്ധ്യസ്ഥ്യക്കരാറോ അവാർഡോ പ്രാവർത്തികമാക്കുകയോ ദുർബലപ്പെടുത്തുകയോ ഭേദഗതിചെയ്യുകയോ, രൂപഭേദപ്പെടുത്തുകയോ, അതിനെ ഏതെങ്കിലും വിധത്തിൽ ബാധിക്കുകയോ ചെയ്യാൻപാടില്ലാത്തതുമാകുന്നു.

**മാദ്ധ്യസ്ഥ്യക്കരാറോ അവാർഡോ എതിർക്കപ്പെടേണ്ടത് അപേക്ഷ വഴിയെന്ന്.**

33. മാദ്ധ്യസ്ഥ്യക്കരാറിന്റേയോ അവാർഡിന്റേയോ അസ്തിത്വത്തേയോ സാധുതയേയോ വെല്ലുവിളിക്കാനോ, അല്ലെങ്കിൽ അവയിൽ ഏതിന്റേയെങ്കിലും പ്രഭാവത്തെക്കുറിച്ച് തീർപ്പാക്കണമെന്നോ ആഗ്രഹിക്കുന്ന മാദ്ധ്യസ്ഥ്യക്കരാറിലെ ഏതെങ്കിലും കക്ഷിയോ, അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, കോടതിയോട് അപേക്ഷിക്കേണ്ടതും, കോടതി ആ പ്രശ്നം സത്യവാങ്മൂലങ്ങളിൻമേൽ തീരുമാനിക്കുന്നതുമാകുന്നു:

എന്നാൽ നീതിപൂർവ്വകവും സമീചീനവുമാണെന്ന് കരുതുന്നിടത്ത്, കോടതിക്ക്, അപേക്ഷ മററു തെളിവിൻമേൽകൂടി കേൾക്കാനായി വയ്ക്കാവുന്നതും, വെളിപ്പെടുത്തലിനും വിവരങ്ങൾക്കും ഒരു വ്യവഹാരത്തിൽ ചെയ്യുന്നതുപോലെ ഉത്തരവുകൾ പാസ്സാക്കാവുന്നതും ആകുന്നു.

**മാദ്ധ്യസ്ഥ്യക്കരാർ, ഉള്ളിടത്ത്, നിയമ നടപടികൾ നിറുത്തിവയ്ക്കാനുള്ള അധികാരം.**

34. മാദ്ധ്യസ്ഥ്യക്കരാറിലെ ഏതെങ്കിലും കക്ഷിയോ, അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, കരാറിലെ മറേറതെങ്കിലും കക്ഷിക്കോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്കോ എതിരായി, റഫർ ചെയ്യാൻ കരാർ ചെയ്തിട്ടുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ചു ഏതെങ്കിലും നിയമ നടപടികൾ ആരംഭിക്കുന്നിടത്ത്, അങ്ങനെയുള്ള നിയമനടപടികളിലെ ഏതെങ്കിലും കക്ഷിക്ക്, പത്രിക ബോധിപ്പിക്കുന്നതിനോ ആ നടപടികളിൽ മറേറതെങ്കിലും നടപടി എടുക്കുന്നതിനോ മുമ്പ് ഏതു സമയത്തും ഏത് നീതിന്യായ അധികാരസ്ഥാനത്തിന്റെ മുമ്പാകെയാണോ ആ നടപടികൾ നിലവിലിരിക്കുന്നത്, ആ നീതിന്യായ അധികാരസ്ഥാനത്തോട് നടപടികൾ നിറുത്തിവയ്ക്കാൻ അപേക്ഷിക്കാവുന്നതും; ആ വിഷയം മാദ്ധ്യസ്ഥ്യക്കരാർ അനുസരിച്ചു റഫർ ചെയ്യാതിരിക്കാൻ മതിയായ കാരണമില്ലെന്നും അപേക്ഷകൻ, നടപടികൾ ആരംഭിച്ച സമയത്ത്, മാദ്ധ്യസ്ഥ്യത്തിന്റെ ശരിയായ നടത്തിപ്പിന് ആവശ്യകമായ എല്ലാ കാര്യങ്ങളും ചെയ്യാൻ തയ്യാറും ഒരുക്കവുമായിരുന്നുവെന്നും അപ്പോഴും ആണെന്നും ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അങ്ങനെയുള്ള അധികാരസ്ഥാനത്തിന് നടപടികൾ നിറുത്തിവയ്ക്കുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

**മാദ്ധ്യസ്ഥ്യത്തിൻമേൽ നിയമനടപടികളുടെ പ്രഭാവം**

35. (1) യാതൊരു റഫറൻസും അല്ലെങ്കിൽ അവാർഡും, റഫറൻസിന്റെ വിഷയവസ്തുവിൻമേൽ നിയമ നടപടികൾ ആരംഭിച്ചുവെന്ന കാരണത്താൽ മാത്രം അസാധുവാക്കപ്പെടുന്നതല്ലാത്തതും, എന്നാൽ റഫറൻസിന്റെ മുഴുവൻ വിഷയവസ്തുവിൻമേലും, റഫറൻസിലെ എല്ലാ കക്ഷികളും തമ്മിൽ നിയമനടപടികൾ ആരംഭിക്കുകയും, അതിനെക്കുറിച്ചുള്ള നോട്ടീസ് മദ്ധ്യസ്ഥൻമാർക്കോ അമ്പയർക്കോ നൽകുകയും ചെയ്തിട്ടുള്ളപ്പോൾ നിലവിലുള്ള റഫറൻസിലെ തുടർന്നുള്ള എല്ലാ നടപടികളും, 34-ാം വകുപ്പിൻകീഴിൽ നടപടികളുടെ നിറുത്തിവയ്ക്കൽ അനുവദിക്കപ്പെടാത്തപക്ഷം, അസാധുവായിരിക്കുന്നതാണ്.

(2) ഈ വകുപ്പിൽ "റഫറൻസിലെ കക്ഷികൾ" എന്ന പദത്തിൽ, കക്ഷികളിൽ ഏതെങ്കിലും ആൾക്കു കീഴിൽ അവകാശപ്പെടുകയും അതേ അവകാശത്തിൻ കീഴിൽ വ്യവഹരിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആളുകൾ ഉൾപ്പെടുന്നു.

**മാദ്ധ്യസ്ഥ്യക്കരാർ ഒരു പ്രത്യേക വിവാദത്തിന് ബാധകമല്ലെന്ന് ഉത്തരവ് ചെയ്യപ്പെടുന്നിടത്ത്, വ്യവഹാര നടപടിക്ക് ഒരു അവാർഡ് ഒരു പൂർവ്വോപാധിയാക്കുന്ന വ്യവസ്ഥ, അങ്ങനെയുള്ള വിവാദത്തിന് ബാധകമാകുന്നതല്ലെന്ന് ഉത്തരവ് ചെയ്യാൻ കോടതിക്കുള്ള അധികാരം**

36. ഒരു മാദ്ധ്യസ്ഥ്യക്കരാറിൻകീഴിലെ അവാർഡ്, ആ കരാർ ബാധകമാകുന്ന ഏതെങ്കിലും വിഷയം സംബന്ധിച്ച് വ്യവഹാര നടപടി കൊണ്ടുവരുന്നതിനുള്ള ഒരു പൂർവ്വോപാധിയായിരിക്കേണ്ടതാണെന്ന് (മാദ്ധ്യസ്ഥ്യക്കരാറിലായാലും മററു വിധത്തിലായാലും) വ്യവസ്ഥചെയ്യപ്പെടുന്നിടത്ത്, കോടതി, ഏതെങ്കിലും പ്രത്യേക വിവാദം സംബന്ധിച്ച് കരാറിന് പ്രഭാവം ഇല്ലാതായിത്തീരുമെന്ന് (ഈ ആക്റ്റിൻകീഴിലോ മറേറതെങ്കിലും നിയമത്തിൻകീഴിലോ ആയാലും) ഉത്തരവ് ചെയ്യുന്നുവെങ്കിൽ, അതിനു മുൻപറഞ്ഞ വ്യവസ്ഥയ്ക്കും ആ വിവാദം സംബന്ധിച്ച് പ്രഭാവം ഇല്ലാതായിത്തീരുമെന്ന് തുടർന്ന് ഉത്തരവ് ചെയ്യാവുന്നതാണ്.

കാലഹരണങ്ങൾ

37. (1) ഇൻഡ്യൻ കാലഹരണ ആക്റ്റ്, 1908 (1908-ലെ 9)-ലെ എല്ലാ വ്യവസ്ഥകളും, അവ കോടതിയിലെ നടപടികൾക്ക് ബാധകമാകുന്നതുപോലെ, മാദ്ധ്യസ്ഥ്യങ്ങൾക്ക് ബാധകമായിരിക്കുന്നതാണ്.

(2) മാദ്ധ്യസ്ഥ്യക്കരാറിൽ, റഫർ ചെയ്യപ്പെടേണ്ടതാണെന്ന് ആ കരാർ ആവശ്യപ്പെടുന്ന ഏതെങ്കിലും വിഷയം സംബന്ധിച്ച് കരാറിൻകീഴിൽ അവാർഡ് നൽകപ്പെടുന്നതുവരെ യാതൊരു വ്യവഹാര കാരണവും, ഉൽഭവിക്കുന്നതല്ല എന്ന അർത്ഥത്തിലുള്ള ഏതെങ്കിലും നിബന്ധന ഉണ്ടായിരുന്നാലും കാലഹരണത്തിന്റെ ആവശ്യത്തിന്, അങ്ങനെയുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച് ഒരു വ്യവഹാര കാരണം, അത്, ആ കരാറിൽ ആ നിബന്ധന ഇല്ലായിരുന്നെങ്കിൽ ഉൽഭൂതമാകുമായിരുന്ന സമയത്ത് ഉൽഭൂതമായിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

(3) ഈ വകുപ്പിന്റേയും ഇൻഡ്യൻ കാലഹരണ ആക്റ്റ്, 1908 (1908-ലെ 9) ന്റേയും ആവശ്യങ്ങൾക്ക്, മാദ്ധ്യസ്ഥ്യം, മാദ്ധ്യസ്ഥ്യക്കരാറിലെ ഒരു കക്ഷി, അതിലെ മററു കക്ഷികൾക്ക്, ഒരു മദ്ധ്യസ്ഥന്റെ നിയമനം ആവശ്യപ്പെട്ടുകൊണ്ടോ അല്ലെങ്കിൽ റഫറൻസ് മാദ്ധ്യസ്ഥ്യ കരാറിൽ പേരു പറഞ്ഞിട്ടുള്ളതോ വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളതോ ആയ ഒരാൾക്ക് ആയിരിക്കണമെന്ന്, കരാർ വ്യവസ്ഥ ചെയ്യുന്നിടത്ത്, വിവാദം അപ്രകാരം പേരുപറഞ്ഞിട്ടുള്ളതോ വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളതോ ആയ ആൾക്ക് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടോ ഉള്ള ഒരു നോട്ടീസ് അയയ്ക്കുമ്പോൾ ആരംഭിക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

(4) ഭാവി വിവാദങ്ങൾ മാദ്ധ്യസ്ഥ്യത്തിന് റഫർ ചെയ്യുന്നതിനുള്ള ഒരു കരാറിലെ നിബന്ധനകൾ, കരാർ ബാധകമാകുന്ന ഏതെങ്കിലും അവകാശവാദങ്ങൾ, കരാർ നിജപ്പെടുത്തുന്ന ഒരു സമയത്തിനുള്ളിൽ മദ്ധ്യസ്ഥനെ നിയമിക്കാനുള്ള നോട്ടീസ് നൽകുകയോ, മദ്ധ്യസ്ഥനെ നിയമിക്കുകയോ, മാദ്ധ്യസ്ഥ്യ നടപടികൾ ആരംഭിക്കുന്നതിനുള്ള മറേറതെങ്കിലും നടപടി എടുക്കുകയോ ചെയ്യാത്തപക്ഷം, കാലഹരണപ്പെടുമെന്ന് വ്യവസ്ഥ ചെയ്യുകയും, കരാർ ബാധകമാകുന്ന ഒരു വിവാദം ഉൽഭവിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക് സംഗതിയുടെ പരിതഃസ്ഥിതികളിൽ, മറിച്ചാണെങ്കിൽ അതിയായ ബുദ്ധിമുട്ടുണ്ടാകുമെന്ന് അഭിപ്രായമുണ്ടെങ്കിൽ അപ്രകാരം നിജപ്പെടുത്തിയിട്ടുള്ള സമയം, കഴിഞ്ഞിട്ടുണ്ടെന്നിരുന്നാലും, ആ സംഗതിയിൽ നീതിക്കുവേണ്ട നിബന്ധനകൾ വല്ലതുമുണ്ടെങ്കിൽ അവയിൻമേൽ, സമയം, ഉചിതമെന്ന് തോന്നുന്ന കാലാവധിക്ക് നീട്ടിക്കൊടുക്കാവുന്നതാണ്.

(5) കോടതി അവാർഡ് ദുർബ്ബലപ്പെടുത്തിയിരിക്കുന്നതായി ഉത്തരവു ചെയ്യുകയോ, അല്ലെങ്കിൽ റഫർ ചെയ്യപ്പെട്ട വിവാദം സംബന്ധിച്ച് മാദ്ധ്യസ്ഥ്യ കരാറിന് പ്രഭാവം ഇല്ലാതായിത്തീരുന്നതാണെന്ന് മാദ്ധ്യസ്ഥ്യത്തിന്റെ പ്രാരംഭത്തിനുശേഷം ഉത്തരവു ചെയ്യുകയോ ചെയ്യുന്നിടത്ത്, മാദ്ധ്യസ്ഥ്യത്തിന്റെ പ്രാരംഭത്തിനും കോടതിയുടെ ഉത്തരവിന്റെ തീയതിക്കും ഇടയ്ക്കുള്ള കാലയളവ് റഫർ ചെയ്യപ്പെട്ട വിവാദം സംബന്ധിച്ച് നടപടികൾ (മാദ്ധ്യസ്ഥ്യം ഉൾപ്പെടെ) ആരംഭിക്കുന്നതിന് ഇൻഡ്യൻ കാലഹരണ ആക്റ്റ്, 1908 (1908-ലെ 9)-ൽ നിർണ്ണയിക്കുന്ന സമയം കണക്കാക്കുന്നതിൽ, ഒഴിച്ചുനിറുത്തപ്പെടുന്നതാണ്.

മദ്ധ്യസ്ഥന്റെ
വേതനമോ
ചെലവുകളോ
സംബന്ധിച്ച
തർക്കങ്ങൾ

38. (1) താൻ ആവശ്യപ്പെടുന്ന ഫീസ് നൽകുന്നതിൻമേലൊഴികെ തന്റെ അവാർഡ് ഡെലിവർ ചെയ്യാൻ ഒരു മദ്ധ്യസ്ഥനോ അമ്പയറോ, ഏതെങ്കിലും സംഗതിയിൽ വിസമ്മതിക്കുന്നുവെങ്കിൽ, കോടതിക്ക്, ഇതിലേയ്ക്കുള്ള അപേക്ഷയിൻമേൽ, ആവശ്യപ്പെട്ട ഫീസ് അപേക്ഷകൻ കോടതിയിൽ ഒടുക്കുന്നതിൻമേൽ, മദ്ധ്യസ്ഥനോ അമ്പയറോ അവാർഡ് അപേക്ഷകന് ഡെലിവർ ചെയ്യേണ്ടതാണെന്ന് ഉത്തരവ് ചെയ്യാവുന്നതും, യുക്തമെന്ന് തോന്നുന്ന അന്വേഷണ വിചാരണ വല്ലതുമുണ്ടെങ്കിൽ അതിനുശേഷം, അപ്രകാരം കോടതിയിൽ ഒടുക്കിയ പണത്തിൽ നിന്ന് ന്യായമെന്നു കോടതി കരുതുന്ന തുക മദ്ധ്യസ്ഥനോ അമ്പയർക്കോ ഫീസായി കൊടുക്കുകയും, പണത്തിൽ ബാക്കി വല്ലതുമുണ്ടെങ്കിൽ അത് അപേക്ഷകന് മടക്കിക്കൊടുക്കുകയും ചെയ്യേണ്ടതാണെന്നു കോടതി കൂടുതലായി ഉത്തരവ് ചെയ്യേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിലെ അപേക്ഷ റഫറൻസിലെ ഏതെങ്കിലും കക്ഷിക്ക്, ആവശ്യപ്പെടുന്ന ഫീസ് അയാളും, മദ്ധ്യസ്ഥനും അല്ലെങ്കിൽ അമ്പയറും തമ്മിലുള്ള ലിഖിതമായ കരാർവഴി നിജപ്പെടുത്തിയിട്ടില്ലാത്തപക്ഷം, കൊടുക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷയിൻമേൽ മദ്ധ്യസ്ഥന്നോ അമ്പയർക്കോ ഹാജരാകാനും പറയാനുള്ളതു പറയാനും അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

(3) മാദ്ധ്യസ്ഥ്യത്തിന്റെ ചെലവുകൾ സംബന്ധിച്ച ഏതെങ്കിലും പ്രശ്നം ഉൽഭവിക്കുകയും അവാർഡിൽ അവയെക്കുറിച്ച് മതിയായ വ്യവസ്ഥ അടങ്ങിയിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ചെലവുകൾ സംബന്ധിച്ച് കോടതിക്ക് യുക്തമെന്നു തോന്നുന്ന ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

## അദ്ധ്യായം VI

## അപ്പീലുകൾ

**അപ്പീൽ കൊടുക്കാവുന്ന ഉത്തരവുകൾ**

39. (1) ഈ ആക്ററിൻകീഴിൽ പാസ്സാക്കുന്ന താഴെപ്പറയുന്ന ഉത്തരവുകളിൽ നിന്ന് (മററ് ഉത്തരവുകളിൽ നിന്നല്ല) ഉത്തരവു പാസ്സാക്കുന്ന കോടതിയുടെ ആദ്യ വിധികളിൽ നിന്നുള്ള അപ്പീലുകൾ കേൾക്കാൻ നിയമം പ്രാധികാരപ്പെടുത്തുന്ന കോടതിയിലേയ്ക്ക് അപ്പീൽ ഉണ്ടായിരിക്കുന്നതാണ്:—

(i) മാദ്ധ്യസ്ഥ്യം ദുർബലപ്പെടുത്തുന്ന ഉത്തരവ് ;

(ii) വിശേഷാൽ വസ്തുതാ വിവരണത്തിന്റെ രൂപത്തിൽ തയ്യാറാക്കിയ അവാർഡിൻമേലുള്ള ഉത്തരവ് ;

(iii) ഒരു അവാർഡ് രൂപഭേദപ്പെടുത്തുകയോ തിരുത്തുകയോ ചെയ്യുന്ന ഉത്തരവ് ;

(iv) മാദ്ധ്യസ്ഥ്യക്കരാർ ഫയൽ ചെയ്യുകയോ ചെയ്യാൻ വിസമ്മതിക്കുകയോ ചെയ്യുന്ന ഉത്തരവ് ;

(v) മാദ്ധ്യസ്ഥക്കരാർ ഉള്ളിടത്ത്, നിയമ നടപടികൾ നിറുത്തിവയ്ക്കുകയോ നിറുത്തിവയ്ക്കാൻ വിസമ്മതിക്കുകയോ ചെയ്യുന്ന ഉത്തരവ് ;

(vi) അവാർഡ് ദുർബ്ബലപ്പെടുത്തുകയോ ദുർബ്ബലപ്പെടുത്താൻ വിസമ്മതിക്കുകയോ ചെയ്യുന്ന ഉത്തരവ് ;

എന്നാൽ, ഈ വകുപ്പിലെ വ്യവസ്ഥകൾ സ്മാാൾകാസ് കോടതി പാസ്സാക്കുന്ന ഏതെങ്കിലും ഉത്തരവിന് ബാധകമായിരിക്കുന്നതല്ല.

(2) ഈ വകുപ്പിൻകീഴിൽ അപ്പീലിൽ പാസ്സാക്കുന്ന ഉത്തരവിൽ നിന്ന് രണ്ടാം അപ്പീൽ ഉണ്ടായിരിക്കുന്നതല്ലാത്തതും, എന്നാൽ ഈ വകുപ്പിലെ യാതൊന്നും സുപ്രീംകോടതിയിലേയ്ക്ക് അപ്പീൽ കൊടുക്കാനുള്ള ഏതെങ്കിലും അവകാശത്തെ ബാധിക്കുകയോ എടുത്തുകളയുകയോ ചെയ്യുന്നതല്ലാത്തതും ആകുന്നു.

## അദ്ധ്യായം VII

## പലവക

**സ്മാാൾ കാസ് കോടതിക്ക് അതിന്റെ മുമ്പാകെയുള്ള വ്യവഹാരങ്ങളിലെ മാദ്ധ്യസ്ഥ്യങ്ങളൊഴികെയുള്ള മാദ്ധ്യസ്ഥ്യങ്ങളുടെ മേൽ അധികാരിത ഉണ്ടായിരിക്കുന്നതല്ലെന്ന്**

40. സ്മാാൾകാസ് കോടതിക്ക്, ഏതെങ്കിലും മാദ്ധ്യസ്ഥ്യ നടപടികളിൻമേലോ അവയിൽനിന്നുൽഭവിക്കുന്ന ഏതെങ്കിലും അപേക്ഷയിൻമേലോ 21-ാം വകുപ്പിൻകീഴിൽ കൊടുക്കുന്ന അപേക്ഷയിൻമേലൊഴികെ അധികാരിത ഉണ്ടായിരിക്കുന്നതല്ല.

**കോടതിയുടെ നടപടിക്രമവും അധികാരങ്ങളും**

41. ഈ ആക്ററിലേയും അതിൻകീഴിലുണ്ടാക്കുന്ന ചട്ടങ്ങളുടേയും വ്യവസ്ഥകൾക്കും വിധേയമായി—

(ക) സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലെ വ്യവസ്ഥകൾ കോടതി മുമ്പാകെയുള്ള എല്ലാ നടപടികൾക്കും, ഈ ആക്ററിൻകീഴിലെ എല്ലാ അപ്പീലുകൾക്കും, ബാധകമായിരിക്കുന്നതും,

(ഖ) മാദ്ധ്യസ്ഥ്യ നടപടികളുടെ ആവശ്യങ്ങൾക്കും, അവ സംബന്ധിച്ചും കോടതിക്ക് രണ്ടാം പട്ടികയിൽ പ്രതിപാദിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ കോടതി മുമ്പാകെയുള്ള ഏതെങ്കിലും നടപടികളുടെ ആവശ്യത്തിനും അവ സംബന്ധിച്ചും അതിനുള്ള അതേ അധികാരം ഉണ്ടായിരിക്കുന്നതും ആകുന്നു :

എന്നാൽ (ഖ) ഖണ്ഡത്തിലെ യാതൊന്നും, അങ്ങനെയുള്ള വിഷയങ്ങളിൽ ഏതെങ്കിലും സംബന്ധിച്ച്, ഉത്തരവുകൾ പുറപ്പെടുവിക്കാൻ മദ്ധ്യസ്ഥനിലോ അമ്പയറിലോ നിക്ഷിപ്തമായിരിക്കുന്ന ഏതെങ്കിലും അധികാരത്തിനു ഭംഗംവരുത്തുന്നതായി കണക്കാക്കപ്പെടുന്നതല്ല.

42. കോടതി മുഖാന്തരമല്ലാതെ, മാദ്ധ്യസ്ഥ്യക്കരാറിലെ ഒരു കക്ഷിയോ അല്ലെങ്കിൽ മദ്ധ്യസ്ഥനോ അമ്പയറോ നടത്തേണ്ടതാണെന്ന് ഈ ആക്ററ് ആവശ്യപ്പെടുന്ന ഏതെങ്കിലും നോട്ടീസ്, മാദ്ധ്യസ്ഥ്യക്കരാറിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിലോ അങ്ങനെയുള്ള വ്യവസ്ഥയില്ലെങ്കിൽ— കക്ഷിയോ മദ്ധ്യസ്ഥനോ നോട്ടീസ് നടത്തുന്നത്.

(ക) ആർക്കാണോ അത് നടത്തേണ്ടത്, അയാരംക്ക് അത് ഡെലിവർ ചെയ്യുന്നതുവഴിയോ, അല്ലെങ്കിൽ

(ഖ) ആ ആരംക്ക് ഇൻഡ്യയിലെ അയാളുടെ സാധാരണമായുള്ളതോ ഏററവും ഒടുവിലായി അറിയപ്പെട്ടിരുന്നതോ ആയ വാസസ്ഥലത്തേയ്ക്കോ ബിസിനസ് സ്ഥലത്തേയ്ക്കോ മേൽവിലാസം വച്ചതും ഇൻഡ്യൻ പോസ്ററാഫീസ് ആക്ററ്, 1898 (1898-ലെ 6)-ലെ VI-ാം അദ്ധ്യായത്തിൻ കീഴിൽ രജിസ്ററർ ചെയ്തതുമായ ഒരു കത്തിൽ പോസ്ററുവഴി അയയ്ക്കുന്നതു വഴിയോ,

നടത്തേണ്ടതാകുന്നു.

43. (1) മദ്ധ്യസ്ഥനോ അമ്പയറോ വിസ്തരിക്കാൻ ആഗ്രഹിക്കുന്ന കക്ഷികരംക്കും സാക്ഷികരംക്കും, കോടതി, അതിൻെറ മുമ്പാകെ വിചാരണ ചെയ്യുന്ന വ്യവഹാരങ്ങളിൽ അത് പുറപ്പെടുവിക്കുന്ന അതേ പ്രാസസ്സുകരം പുറപ്പെടുവിക്കേണ്ടതാകുന്നു. മദ്ധ്യസ്ഥൻെറ മുമ്പാകെ ഹാജരാകാൻ പ്രോസസ്സുകരം പുറപ്പെടുവിക്കാനുള്ള കോടതിയുടെ അധികാരം.

(2) അങ്ങനെയുള്ള പ്രാസസ്സ് അനുസരിച്ച് ഹാജരാകാതിരിക്കുകയോ മറെറന്തെങ്കിലും വീഴ്ച വരുത്തുകയോ, തങ്ങളുടെ തെളിവു നൽകാൻ വിസമ്മതിക്കുകയോ, റഫറൻസിൻെറ അന്വേഷണത്തിൽ മദ്ധ്യസ്ഥനോടോ അമ്പയറോടോ ഉള്ള ഏതെങ്കിലും അലക്ഷ്യത്തിന് അപരാധികളാവുകയോ ചെയ്യുന്ന ആളുകരം, കോടതി മുമ്പാകെ വിചാരണ ചെയ്യുന്ന വ്യവഹാരങ്ങളിലെ സദൃശ കുററങ്ങരംക്ക് അവർ നേരിടുമായിരുന്ന അതേ പ്രാതികൂല്യങ്ങരംക്കും ദണ്ഡനങ്ങരംക്കും ശിക്ഷകരംക്കും മദ്ധ്യസ്ഥൻേറയോ അമ്പയറിൻേറയോ നിവേദനത്തിൻമേലുള്ള കോടതിയുടെ ഉത്തരവുപ്രകാരം വിധേയരായിരിക്കുന്നതാണ്.

(3) ഈ വകുപ്പിൽ 'പ്രോസസ്സ്' എന്ന പദത്തിൽ, സാക്ഷികളെ വിസ്തരിക്കുന്നതിനുള്ള സമൺസുകളും, കമ്മീഷനുകളും രേഖകരം ഹാജരാക്കാനുള്ള സമൺസുകളും ഉരംപ്പെടുന്നു.

44. ഹൈക്കോടതിക്ക് ഈ ആക്ററിനോടു സംഗതമായി— ചട്ടങ്ങളുണ്ടാക്കാൻ ഹൈക്കോടതിക്കുള്ള അധികാരം.

(ക) അവാർഡുകരം ഫയൽ ചെയ്യുന്നതും, അതിൻമേലുള്ളതോ അതിന് ആനുഷംഗികമായതോ ആയ എല്ലാ നടപടികളും ;

(ഖ) വിശേഷാൽ വസ്തുത വിവരങ്ങരം ഫയൽ ചെയ്യുന്നതും അതിൻമേലുള്ളതോ അതിന് ആനുഷംഗികമായതോ ആയ എല്ലാ നടപടികളും ;

(ഗ) മാദ്ധ്യസ്ഥ്യക്കരാറിനെ ലംഘിച്ചുകൊണ്ടുള്ള ഏതെങ്കിലും വ്യവഹാരമോ നടപടിയോ നിറുത്തിവക്കുന്നതും ;

(ഘ) ഈ ആക്ററിൻെറ ആവശ്യങ്ങരംക്ക് ഉപയോഗിക്കേണ്ട ഫാറങ്ങളും

(ങ) സാമാന്യമായി, ഈ ആക്ടിൻ കീഴിലെ എല്ലാ കോടതി നടപടികളും ; സംബന്ധിച്ച് ചട്ടങ്ങരം ഉണ്ടാക്കാവുന്നതാണ്.

45. ഈ ആക്ററിലെ വ്യവസ്ഥകരം ഗവൺമെൻറിനെ ബന്ധിക്കുന്നതാകുന്നു. ഗവൺമെൻറിനെ ബന്ധിക്കുമെന്ന്.

46. 6-ാം വകുപ്പ് (1)-ാം ഉപവകുപ്പും, 7-ം, 12-ം, 36-ം, 37-ം, വകുപ്പുകളും ഒഴികെയുള്ള ഈ ആക്ററിലെ വ്യവസ്ഥകരം, തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറെറന്തെങ്കിലും അധിനിയമത്തിൻകീഴിലുള്ള ഏതൊരു മാദ്ധ്യസ്ഥ്യത്തിനും, മാദ്ധ്യസ്ഥ്യം ഒരു മാദ്ധ്യസ്ഥ്യക്കരാറിനെ തുടർന്നുള്ളതായിരുന്നാലെന്നപോലെയും ആ മററു അധിനിയമം മാദ്ധ്യസ്ഥ്യക്കരാറായിരുന്നാലെന്നപോലെയും ആ മററ് അധിനിയമത്തിനോ അതിൻകീഴിൽ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങരംക്കോ ഈ ആക്ററ് അസംഗതമായിരിക്കുന്നിടത്തോളമൊഴികെ, ബാധകമായിരിക്കുന്നതാണ്. അധിനിയമപ്രകാരമുള്ള മാദ്ധ്യസ്ഥ്യങ്ങരംക്ക് ആക്ററിൻെറ ബാധകത.

47. 46-ാം വകുപ്പിലെ വ്യവസ്ഥകരംക്കു വിധേയമായും, തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറെറന്തെങ്കിലും നിയമം മററു വിധത്തിൽ വ്യവസ്ഥ ചെയ്യുന്നിടത്തോളമൊഴികേയും ഈ ആക്ററിലെ വ്യവസ്ഥകരം എല്ലാ മാദ്ധ്യസ്ഥങ്ങരംക്കും അവക്കുകീഴിലുള്ള എല്ലാ നടപടികരംക്കും ബാധകമാകുന്നതാണ് : ആക്ററ് എല്ലാ മാദ്ധ്യസ്ഥ്യങ്ങരംക്കും ബാധകമാണെന്ന്.

എന്നാൽ, മററു വിധത്തിൽ നേടിയ ഒരു മാദ്ധ്യസ്ഥ്യ അവാർഡ്, താൽപ്പര്യമുള്ള എല്ലാ കക്ഷികളുടേയും സമ്മതത്തോടുകൂടി, ഒരു വ്യവഹാരത്തിലെ രാജിയാക്കലോ ഒത്തുതീർപ്പോ ആയി ആ വ്യവഹാരം നിലവിലുള്ളത് ഏതൊരു കോടതി മുമ്പാകെയാണോ, ആ കോടതിക്ക് പരിഗണനയിലെടുക്കാവുന്നതാണ്.

നിലവിലുള്ള റഫറൻസുകൾക്കുള്ള ഒഴിവാക്കൽ

48. ഈ ആക്ററിലെ വ്യവസ്ഥകൾ, ഈ ആക്ററിൻെറ പ്രാരംഭത്തിൽ നിലവിലിരിക്കുന്ന ഏതെങ്കിലും റഫറൻസിന് ബാധകമായിരിക്കുന്നതല്ലാത്തതും, അതിന് ഈ ആക്ററിൻെറ പ്രാരംഭത്തിന് തൊട്ടുമുമ്പ് പ്രാബല്യത്തിലുണ്ടായിരുന്ന നിയമം, ഈ ആക്ററ് ചെയ്യുന്ന ഏതെങ്കിലും റദ്ദാക്കൽ ഉണ്ടെന്നിരുന്നാലും, തുടർന്ന് ബാധകമായിരിക്കുന്നതും ആകുന്നു.

റദ്ദാക്കലുകളും, ഭേദഗതികളും

49. റദ്ദാക്കലും ഭേദഗതിയും ആക്ററ്, 1945 (1945-ലെ 6), 2-ാം വകുപ്പിനാലും 1-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

ഒന്നാം പട്ടിക

(3-ാം വകുപ്പു നോക്കുക)

## മാദ്ധ്യസ്ഥ്യക്കരാറുകളിലെ വ്യംഗ്യോപാധികൾ

1. മററു വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്യാത്തപക്ഷം, റഫറൻസ് ഒരു അനന്യ മദ്ധ്യസ്ഥന്ന് ആയിരിക്കേണ്ടതാകുന്നു.

2. റഫറൻസ് ഇരുസംഖ്യയായ മദ്ധ്യസ്ഥൻമാർക്കാണെങ്കിൽ, മാദ്ധ്യസ്ഥൻമാർ, തങ്ങളുടെ യഥാക്രമമുള്ള നിയമനങ്ങളുടെ ഏററവും ഒടുവിലത്തെ തീയതി മുതൽ ഒരു മാസത്തിലും വൈകാതെ ഒരു അമ്പയറെ നിയമിക്കേണ്ടതാകുന്നു.

3. മദ്ധ്യസ്ഥൻമാർ റഫറൻസിൽ പ്രവേശിക്കുകയോ, അല്ലെങ്കിൽ പ്രവർത്തിക്കാൻ മാദ്ധ്യസ്ഥ്യക്കരാറിലെ ഏതെങ്കിലും കക്ഷി ലിഖിതമായ നോട്ടീസു വഴി ആവശ്യപ്പെടുകയോ ചെയ്തതിനുശേഷം ഉള്ള നാലു മാസത്തിനുള്ളിലോ കോടതി അനുവദിക്കുന്ന കൂടുതൽ സമയത്തിനുള്ളിലോ തങ്ങളുടെ അവാർഡ് നൽകേണ്ടതാകുന്നു.

4. മദ്ധ്യസ്ഥൻമാർ, അവാർഡ് നൽകാതെ, തങ്ങളുടെ സമയം കഴിഞ്ഞുപോകാൻ അനുവദിക്കുകയോ അല്ലെങ്കിൽ തങ്ങൾക്ക് യോജിക്കാൻ കഴിയുകയില്ലെന്ന് പ്രസ്താവിക്കുന്ന ഒരു നോട്ടീസ്, മാദ്ധ്യസ്ഥ്യക്കരാറിലെ ഏതെങ്കിലും കക്ഷിക്കോ അമ്പയർക്കോ ഡെലിവർ ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അമ്പയർ ഉടനടി മദ്ധ്യസ്ഥൻമാർക്കുപകരം റഫറൻസിൽ പ്രവേശിക്കേണ്ടതാകുന്നു.

5. അമ്പയർ, റഫറൻസിൽ പ്രവേശിച്ചു രണ്ടു മാസത്തിനുള്ളിലോ കോടതി അനുവദിക്കുന്ന കൂടുതൽ സമയത്തിനുള്ളിലോ തൻെറ അവാർഡ് നൽകേണ്ടതാകുന്നു.

6. റഫറൻസിലെ കക്ഷികളും അവരുടെ കീഴിൽ അവകാശപ്പെടുന്ന എല്ലാ ആളുകളും, തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, വിവാദത്തിലുള്ള വിഷയങ്ങൾ സംബന്ധിച്ച് മദ്ധ്യസ്ഥൻമാരാലോ അമ്പയറാലോ, ശപഥത്തിൻമേലോ പ്രതിജ്ഞയിൻമേലോ വിസ്തരിക്കപ്പെടാൻ വഴങ്ങികൊടുക്കേണ്ടതും, മുൻപറഞ്ഞതുപോലെ വിധേയമായി, മദ്ധ്യസ്ഥൻമാരുടേയോ അമ്പയറുടേയോ മുമ്പാകെ, യഥാക്രമം തങ്ങളുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ള വേണ്ടുന്നതോ ആവശ്യപ്പെടുന്നതോ ആയ എല്ലാ പുസ്തകങ്ങളും, കരണങ്ങളും, കടലാസുകളും, കണക്കുകളും, ലിഖിതങ്ങളും, രേഖകളും ഹാജരാക്കുകയും, റഫറൻസിൻമേലുള്ള നടപടികൾക്കിടയിൽ മദ്ധ്യസ്ഥൻമാരോ അമ്പയറോ ആവശ്യപ്പെടുന്ന മററെല്ലാ കാര്യങ്ങളും ചെയ്യുകയും ചെയ്യേണ്ടതുമാകുന്നു.

7. അവാർഡ് അന്തിമവും, കക്ഷികളേയും അവരുടെ കീഴിൽ യഥാക്രമം അവകാശപ്പെടുന്ന ആളുകളേയും ബന്ധിക്കുന്നതായിരിക്കുന്നതുമാണ്.

8. റഫറൻസിൻെറയും അവാർഡിൻെറയും ചെലവുകൾ മാദ്ധ്യസ്ഥൻമാർക്കോ അമ്പയർക്കോ സ്വവിവേകമുപയോഗിച്ച് നിശ്ചയിക്കാവുന്നതായിരിക്കുന്നതും, അവർക്ക് അങ്ങനെയുള്ള ചെലവുകളോ അവയുടെ ഏതെങ്കിലും ഭാഗമോ ആർക്ക്, ആര്, ഏത് രീതിയിൽ കൊടുക്കേണ്ടതാണെന്ന് നിദേശിക്കാവുന്നതും, അപ്രകാരം കൊടുക്കേണ്ട ചെലവുകളുടെ തുകയോ അതിൻെറ ഏതെങ്കിലും ഭാഗമോ നിർണ്ണയിക്കുകയോ നിജപ്പെടുത്തുകയോ ചെയ്യാവുന്നതും, അഭിഭാഷകനും കക്ഷിയും തമ്മിൽ നൽകേണ്ട ചെലവുകൾ അവാർഡ് ചെയ്യാവുന്നതുമാകുന്നു.

രണ്ടാം പട്ടിക

(41-ാം വകുപ്പ് നോക്കുക)

## കോടതിയുടെ അധികാരങ്ങൾ

1. റഫറൻസിൻെറ വിഷയ വസ്തുവായ ഏതെങ്കിലും സാമാനങ്ങളുടെ സംരക്ഷണമോ, ഇടക്കാല കസ്ററഡിയോ വിൽപ്പനയോ.

2. റഫറൻസിൽ വിവാദമുള്ള തുകക്ക് ഈടു ഏർപ്പെടുത്തുന്നത്.

3. ഏതു വസ്തുവോ സാധനമോ ആണ് റഫറൻസിന് വിധേയമായിരിക്കുന്നത്, അല്ലെങ്കിൽ അതിനെക്കുറിച്ച് റഫറൻസിൽ ഏതെങ്കിലും പ്രശ്നം ഉൽഭവിക്കാവുന്നത്, അങ്ങനെയുള്ള ഏതെങ്കിലും വസ്തുവിൻേറയോ സാധനത്തിൻേറയോ തടഞ്ഞുവയ്ക്കലും സംരക്ഷണവും, അല്ലെങ്കിൽ പരിശോധനയും, മുൻപറഞ്ഞ ആവശ്യങ്ങഠം ഏതിനെങ്കിലുമായി ഏതെങ്കിലും ആളെ റഫറൻസിലെ ഏതെങ്കിലും കക്ഷിയുടെ കൈവശത്തിലിരിക്കുന്ന ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ പ്രവേശിക്കാൻ പ്രാധികാരപ്പെടുത്തുകയോ, അല്ലെങ്കിൽ പൂർണ്ണ വിവരമോ തെളിവോ ലഭിക്കുന്നതിനുവേണ്ടി ആവശ്യകമോ സമീചീനമോ ആയ, ഏതെങ്കിലും സാമ്പിഠം എടുക്കുകയോ, ഏതെങ്കിലും നിരീക്ഷണം നടത്തുകയോ, പരീക്ഷണം നടത്തുകയോ ചെയ്യാൻ പ്രാധികാരപ്പെടുത്തുകയോ ചെയ്യുന്നതും.

4. ഇടക്കാല ഇൻജംക്ഷനുകളോ റിസീവറുടെ നിയമനമോ.

5. മാദ്ധ്യസ്ഥ്യ നടപടികളുടെ ആവശ്യങ്ങഠംക്ക് മൈനർക്കോ ചിത്തഭ്രമമുള്ള ആഠംക്കോ രക്ഷാകർത്താവിനെ നിയമിക്കുന്നത്.

മൂന്നാം പട്ടിക

(റദ്ദാക്കപ്പെട്ട അധിനിയമങ്ങഠം)

നാലാം പട്ടിക

(റദ്ദാക്കപ്പെട്ട അധിനിയമങ്ങഠം)

റദ്ദാക്കലും ഭേദഗതിയും ആക്റ്റ്, 1945 (1945-ലെ 6) 2-ാം വകുപ്പിനാലും I-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.